# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചുനക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 4-1301/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 01/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചുനക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 4-1301/2023 തീയ്യതി: 01/12/2023

## ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| അഡ്വ.കെ.ആർ അനിൽകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രേണു.ആർ | സെക്രട്ടറി | 01-04-2022 | 11-04-2022 |
| ശ്രീമതി.ഷിബി.എൻ | സെക്രട്ടറി | 12-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സരിത എസ്സ് | കൃഷി ഓഫീസർ | 01-04-2022 | 09-02-2023 |
| ശ്രീമതി.രാജശ്രീ പി | കൃഷി ഓഫീസർ | 10-02-2023 | 31-03-2023 |
| ശ്രീ.തോമസ്സ് മാത്യൂ | വെറ്റിനറി സർജൻ | 01-04-2022 | 25-09-2022 |
| ശ്രീമതി.മഞ്ജുശ്രീ ബി | വെറ്റിനറി സർജൻ | 26-09-2022 | 31-03-2023 |
| ശ്രീമതി.കവിത ജി നായർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. അനിൽകുമാർ എസ്സ് | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2022 | 31-03-2023 |
| ഡോ. രാജി ആർ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.എം .എസ്സ് യമുന | എച്ച്.എം | 01-04-2022 | 28-06-2022 |
| ശ്രീമതി.നിസ ജെ | എച്ച്.എം | 29-06-2022 | 31-03-2023 |
| ശ്രീമതി.നിള ഹിരൺ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.വിജയശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 02-07-2022 |
| ശ്രീ.ജിൻഷാദ് ഹസൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 03-07-2022 | 31-03-2023 |
| ശ്രീമതി.മെർലിൻ മാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 22-11-2022 |
| ശ്രീമതി.ഋഷി എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 23-11-2022 | 31-03-2023 |
| ശ്രീമതി.രേണു.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക കണക്കുകളിൽ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുന്നില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | തെറ്റായ ശീർഷകത്തിൽ തനത് വരവ് ഉൾപ്പെടുത്തി | 1-1-3 |
| 5 | മാർക്കറ്റ് ലേലം സംബന്ധിക്കുന്ന വരവ് I&E പത്രികയിൽ ഉൾപ്പെടുന്നില്ല | 1-1-4 |
| 6 | ബാധ്യതയുടെ അക്കൌണ്ടിംഗ് കൃത്യമല്ല | 1-1-5 |
| 7 | മാർക്കറ്റിൽ നിന്നും ലഭിച്ച ലേലത്തുക ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തി | 1-1-6 |
| 8 | Prior Period Income ആയി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-7 |
| 9 | മുൻകൂറുകൾ വാർഷിക കണക്കുകളിൽ പേയ്മെന്റായി ഉൾപ്പെടുത്തി | 1-1-8 |
| 10 | ലോൺ - ബാധ്യതയും വിതരണം ചെയ്ത തുകയും തമ്മിലുള്ള അന്തരം വിശദീകരിക്കപ്പെട്ടില്ല. | 1-1-9 |
| 11 | ഡിസിബി തയ്യാറാക്കിയതിൽ അപാകം | 1-1-10 |
| 12 | ഗുണഭോക്തൃവിഹിതമിനത്തിൽ തുടരുന്ന ബാധ്യതയുടെ കൃത്യത വ്യക്തമല്ല | 1-1-11 |
| 13 | മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 22 | ടാക്സ് ഓഡിറ്റ് - ലഘു അവലോകനം | 1-10 |
| 23 | ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയക്ക് വസ്തുനികുതി ചുമത്തുന്നില്ല- വാർഷിക ഡിമാൻഡിൽ 83364 രൂപയുടെ കുറവ് | 1-11 |
| 24 | സ്പോർട്ട്സ് ടർഫിനെ വസ്തുനികുതി ചുമത്തിയില്ല | 1-12 |
| 25 | വസ്തുനികുതി-നികുതിനിർണ്ണയത്തിന് ശേഷം ഏർപ്പെടുത്തുന്ന സൌകര്യങ്ങൾക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിക്കുമേലുള്ള | 1-13 |

| | | |
|---|---|---|
| | വർദ്ധനവുകൾ ഉൾപ്പെടുത്തുന്നില്ല | |
| 26 | മേൽത്തരം തറനിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയില്ല- വസ്തുനികുതി ഡിമാൻഡിൽ 9504 രൂപയുടെ കുറവ് | 1-14 |
| 27 | പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് അനധികൃതമായി വസ്തുനികുതിയിളവ് നൽകി | 1-15 |
| 28 | വാണിജ്യാവശ്യ കെട്ടിടങ്ങളെ അവയുടെ ആകെ തറവിസ്തൃതിക്കനുസൃതമായ വസ്തുനികുതി നിരക്ക് ചുമത്തിയില്ല | 1-16 |
| 29 | ആരാധനാലയമെന്ന നിലക്ക് പാരിഷ് ഹാളിനെ വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കി - നികുതി ഡിമാൻഡിൽ 21984 രൂപയുടെ കുറവ് | 1-17 |
| 30 | അനധികൃത നിർമ്മാണം- തുടർനടപടികളില്ലാത്തത് തനതുവരുമാന ചോർച്ചക്കിടയാക്കുന്നു | 1-18 |
| 31 | ആരാധനാലയങ്ങളുടെ ഭാഗമായുള്ള കെട്ടിടങ്ങൾ വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നു | 1-19 |
| 32 | അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു - വസ്തുനികുതിയിൽ നഷ്ടം | 1-20 |
| 33 | പാർപ്പിടാവശ്യ കെട്ടിടങ്ങൾ ലോഡ്ജിംഗ് കെട്ടിടങ്ങളായി ഉപയോഗിക്കുന്നു | 1-21 |
| 34 | തൊഴിൽ നികുതി- മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല | 1-22 |
| 35 | ലൈസൻസ് അപേക്ഷയ്ക്കനുസരിച്ച് തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-23 |
| 36 | സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-24 |
| 37 | വാടക - റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-25 |
| 38 | ജി.എസ്.റ്റി തനത് ഫണ്ടിൽ തുടരുന്നു | 1-26 |
| 39 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകകളിൽ, വിനിയോഗശേഷം തിരികെ ലഭിച്ച തുകകൾ തനത് ഫണ്ടിൽ തുടരുന്നു | 1-27 |
| 40 | സോളാർ പ്ലാന്റ് സ്ഥാപിക്കൽ- പദ്ധതി പൂർത്തിയായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 41 | മെൻസ്ട്രുവൽ കപ്പ് -വിതരണം നടത്തിയില്ല | 1-29 |
| 42 | പൊതു ടാപ്പുകളുടെ വെള്ളക്കരം-ഉപയോഗമില്ലാത്ത ടാപ്പുകൾക്ക് കരം ഈടാക്കുന്നു. | 1-30 |
| 43 | അങ്കണവാടി കെട്ടിട നിർമ്മാണം - സി.എഫ്.സി ഫണ്ട് നിക്ഷേപമായി നിലനിൽക്കുന്നു | 1-31 |
| 44 | പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗവിവരങ്ങളില്ല | 1-32 |
| 45 | വാഹന പരിപാലനം - അപാകതകൾ | 1-33 |
| 46 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-34 |

| | | |
|---|---|---|
| 47 | പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം - അപാകതകൾ | 1-35 |
| 48 | ടേക്ക് എ ബ്രേക്ക് ടോയിലറ്റ് നിഷ്ക്രീയാസ്തിയായി | 1-36 |
| 49 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-37 |
| 50 | ലൈഫ് പദ്ധതിയുടെ നീക്കിയിരിപ്പ് തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടച്ചില്ല | 1-38 |
| 51 | വയോജന വാടി -അനുകരണീയ മാതൃക - അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 1-39 |
| 52 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. | 1-40 |
| 53 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി ഈടാക്കിയിട്ടില്ല | 1-41 |
| 54 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അടച്ച നികുതിയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 1-42 |
| 55 | ലൈഫ് ഭവന പദ്ധതി -അവലോകനം | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22-07-2023-ലെ ജനറൽ കമ്മറ്റി തീരുമാനം 3(1) പ്രകാരം തയ്യാറാക്കി 08.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചുനക്കര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചുനക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 വാർഷിക കണക്കുകളിൽ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A)റേഷ്യോസ്

B)അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-2 ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 തെറ്റായ ശീർഷകത്തിൽ തനത് വരവ് ഉൾപ്പെടുത്തി

തൊഴിൽ നികുതി – പ്രൊഫഷണൽസ് എന്ന ഹെഡ്ഡിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഉൾപ്പെടുത്തിയതായി കാണുന്നു. തൊഴിൽ നികുതി – പ്രൊഫഷണൽസ് എന്ന ശീർഷകത്തിൽ യഥാർത്ഥത്തിൽ വരവ് ഉണ്ടായിരുന്നില്ല.

1-1-4 മാർക്കറ്റ് ലേലം സംബന്ധിക്കുന്ന വരവ് I&E പത്രികയിൽ ഉൾപ്പെടുന്നില്ല

2022-23 സാമ്പത്തികവർഷം മാർക്കറ്റ് ലേലം സംബന്ധിക്കുന്ന വരവ് ഉണ്ടായിരുന്നുവെങ്കിലും ഇത് വാർഷിക കണക്കുകളിലെ I&E പത്രികയിൽ ഉൾപ്പെടുന്നില്ല. 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ലേലം മുൻകൂറായി 2022-23 സാമ്പത്തികവർഷം നടന്നിരുന്നുവെങ്കിലും മുൻകൂറായി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുക ബാലൻസ് ഷീറ്റിൽ ബാധ്യത എന്ന നിലക്ക് പ്രതിഫലിക്കുന്നില്ല.

1-1-5 ബാധ്യതയുടെ അക്കൌണ്ടിംഗ് കൃത്യമല്ല

അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി PWD ക്ക് നൽകിയ തുക നിർമ്മാണം നടക്കാത്തത് കാരണം തിരികെ ലഭിച്ചിട്ടുണ്ട്. 580000രൂപ (വികസനഫണ്ട് 578000 + 2000 തനത് ഫണ്ട്) എന്നാലിത് വാർഷിക കണക്കുകളിൽ ബാധ്യതയായി ഉൾപ്പെടുന്നില്ല.

1-1-6 മാർക്കറ്റിൽ നിന്നും ലഭിച്ച ലേലത്തുക ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തി

മാർക്കറ്റ് റസീപ്റ്റ് – ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഡിമാൻഡ് തുക മുൻകൂട്ടി അറിയാവുന്ന റവന്യൂ എന്ന നിലയിൽ അക്കൌണ്ട് ചെയ്തില്ല. പകരം ഓക്ഷൻ ഡെപ്പോസിറ്റ് എന്ന ബാദ്ധ്യത ഹെഡിലാണ് ഉൾപ്പെടുത്തിയത്. (ചുനക്കര മാർക്കറ്റ്, കരിമുളക്കൽ മാർക്കറ്റ് എന്നിവിടങ്ങളിലെ അവകാശം ലേലം ചെയ്ത തുക AUCTION DEPOSIT എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയത്.) തനത് വരുമാനം ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയത് അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമായ നടപടിയാണ്.

1-1-7 Prior Period Income ആയി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

വാർഷിക കണക്കുകൾ പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ Prior Period Income എന്ന നിലക്കാണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഇവയുടെ വരവ് ഇനം സംബന്ധിക്കുന്ന വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഹെഡ് കോഡ് | തീയതി | തുക | പരാമർശം |
|---|---|---|---|---|
| 1 | 450210104 | 31-03-23 | 550 | Previous Payment Adjusted |

| | | | | |
|---|---|---|---|---|
| 2 | 450210101 | 31-03-23 | 5000 | NEFT Return |
| 3 | 452210104 | 31-03-23 | 43615 | NEFT Return |

തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-8 മുൻകൂറുകൾ വാർഷിക കണക്കുകളിൽ പേയ്മെന്റായി ഉൾപ്പെടുത്തി

സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രോജക്റ്റ് നം-S0191/23 ആയി ANERT ന് മുൻകൂർ നൽകിയെങ്കിലും തുക വാർഷിക കണക്കുകളിൽ മുൻകൂർ എന്ന നിലക്ക് അക്കൌണ്ട് ചെയ്തില്ല. പ്രോജക്റ്റ് നിലവിലും പൂർത്തീകരിച്ചിട്ടില്ല.

### 1-1-9 ലോൺ - ബാധ്യതയും വിതരണം ചെയ്ത തുകയും തമ്മിലുള്ള അന്തരം വിശദീകരിക്കപ്പെട്ടില്ല.

വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 31 ലെ KURDFC ലോൺ ബാധ്യതയും പ്രീപെയ്ഡ് എക്സ്പെൻസും തമ്മിൽ 3,22,000 രൂപയുടെ വ്യത്യസമുണ്ട്. നിലവിൽ വിതരണം ചെയ്യാത്ത ലോൺ തുകയാണോ ഇതെന്ന് വിശദീകരിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-1-10 ഡിസിബി തയ്യാറാക്കിയതിൽ അപാകം

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയിൽ 2800 രൂപ ഈടാക്കുവാനുണ്ട്. എന്നാലിത് രജിസ്റ്റർ പ്രകാരമുള്ള DCB യിലോ വാർഷിക കണക്കുകളിലോ പ്രതിഫലിക്കുന്നില്ല. ഖണ്ഡിക നം-1-24 കൂടി കാണുക

### 1-1-11 ഗുണഭോക്തൃവിഹിതമിനത്തിൽ തുടരുന്ന ബാധ്യതയുടെ കൃത്യത വ്യക്തമല്ല

ഗുണഭോക്തൃ വിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിനുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

### 1-1-12 മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല

മുൻകൂർ രജിസ്റ്റർ പ്രകാരം KWA, KSEB, GWD, PWD എന്നിവിടങ്ങളിൽ നൽകിയ മുൻകൂറുകൾ ആസ്തിയായി തുടരുന്നുണ്ട്. കൂടാതെ 320100999, 320200101 എന്നീ ഹെഡ്ഡുകളിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ബാധ്യതയായും തുടരുന്നുണ്ട്. ഈ തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 19.03.22 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 190582000 | 190665000 |
| വാർഷിക കണക്ക് (ഇൻകം &എക്സ്പെന്റിച്ചർ പത്രിക) പ്രകാരം | 151733861 | 161564102 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20148363 |
| വരവ് | 34359207 |

| | |
|---|---|
| ആകെ | 54507570 |
| ചെലവ് | 33846565 |
| നീക്കിയിരിപ്പ് | 20661005 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | - | 14476000 | 14476000 | 14042980 | 433020 |
| വികസനഫണ്ട് (എസ്.സി.പി) | - | 9703000 | 970300 | 9703000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 9337000 | 9337000 | 6089901 | 3247099 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 5016000 | 5016000 | 3895268 | 1120732 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ട്രഷറി | - | 2183201 | 2183201 | 2183201 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ബാങ്ക് | 2293616 | 3776000 | 6069616 | 44455363 | 1624253 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് ബാങ്ക് | 597569 | 2643172 | 3240741 | 1843902 | 1376839 |

വാർഷിക കണക്കുകളിൽ വികസനഫണ്ട് (എസ് സിപി ) വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് 9709000 രൂപയാണ്. 6000 രൂപ കൂടുതലായിട്ടാണ് I-6 ൽ ഉൾപ്പെടുന്നത്.
വാർഷിക കണക്കുകളിൽ സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) ചെലവായി ഉൾപ്പെടുന്നത് 3895268രൂപയും സുലേഖ പ്രകാരം 3695342 രൂപയുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 257140232 | 122 | 58301675 | 6 | 38 | 73 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2747 | 1640073 | 1642820 | 1639500 | 3320 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 42964000 | 42964000 | 42964000 | |
| ആകെ | 2747 | 44604073 | 44606820 | 44603500 | 3320 |

ക്യാഷ് ബുക്ക് പ്രകാരമുള്ള ആകെ വരവ് തുക 44604073 രൂപയും വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് തുക 44391500 രൂപയുമാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4031600 | 357 |
| വിധവാപെൻഷൻ | 10209300 | 985 |
| വാർദ്ധക്യകാലപെൻഷൻ | 26611400 | 2733 |
| വികലാംഗപെൻഷൻ | 3135800 | 286 |
| അവിവാഹിതപെൻഷൻ | 415200 | 40 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-09-23 തീയ്യതിയിൽ 3-30 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8477/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ

ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4. ടേക്ക് എ ബ്രേക്കിനായി നിർമ്മിച്ച കെട്ടിടം നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു.

5.ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പി.ഡബ്ല്യു.ഡി. മാനുവലിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല(ഖണ്ഡിക 1-36 കാണുക).

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ് - ലഘു അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു. (കേരള പഞ്ചായത്ത് രാജ് നിയമം 203).

രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം ,വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം 204). സിനിമ ഉൾപ്പെടെയുള്ള വിനോദ പരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, സ്ഥാപനം നൽകുന്ന ജി.എസ്.റ്റി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി, നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനതു വരുമാന മേഖലകൾ:

പുതിയ തനതുവരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. നിലവിലുണ്ടായിരുന്ന കടമുറികൾ വളരെക്കുറഞ്ഞ വാടകക്കാണ് നിലവിൽ വാടകക്ക് പോയിട്ടുള്ളത്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കിയെങ്കിലും കടമുറികൾ ലേലം ചെയ്ത് കൈമാറുന്നതിൽ താമസം നേരിടുന്നുണ്ട്.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ/പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിവരഅടിത്തറയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല. അനധികൃത മൊബൈൽ ടവറുകൾ, സ്വകാര്യ ധനകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവയെല്ലാം നികുതി ശൃംഖലക്ക് പുറത്താണ്.

2) തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച

നടപടികൾ:

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ മാത്രമാണ് കുടിശ്ശിക അവശേഷിക്കുന്നത്(റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളവയുടെ കുടിശ്ശിക മാത്രം). തൊഴിൽ നികുതി സംബന്ധിക്കുന്ന ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്തത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല/ അനധികൃത നിർമ്മിതികൾക്ക് വസ്തുനികുതി ചുമത്തുന്നില്ല

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കാത്തത് മൂലം ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാകുന്നു. വളരെക്കുറച്ച് കെട്ടിടങ്ങൾ മാത്രമാണ് അനധികൃതമായുള്ളത് എന്ന നിലയിലാണ് പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിലെ കണക്കുകൾ. വസ്തുനികുതി നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, അപാകം മൂലം മടക്കി അയക്കപ്പെട്ടാൽ പിന്നീട് ഗ്രാമപഞ്ചായത്തിലേക്ക് വരാത്ത സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിന്(UA) ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. ഖണ്ഡിക നം-1-18 കാണുക

4) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നു. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാന കാരണം.

6) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്:

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

7) വസ്തുനികുതി നിർണ്ണയം പൂർണ്ണമായി വാർഷിക ഓഡിറ്റിനൊപ്പം പരിശോധിക്കപ്പെടാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്:

നിലവിലെ സാഹചര്യത്തിൽ പരിമിതമായ മനുഷ്യദിനങ്ങളിൽ വസ്തുനികുതി നിർണ്ണയം പൂർണ്ണമായും പരിശോധിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഓരോ രൂപയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും വസ്തുനികുതി നിർണ്ണയം നടത്തുന്ന മുഴുവൻ ഫയലുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതും സംശയദൂരീകരണത്തിനായി സ്ഥലപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ നികുതി അടിത്തറ ശക്തിപ്പെടുത്തിയാൽ മാത്രമെ സാമ്പത്തിക അടിത്തറ ഭദ്രമാകുകയുള്ളൂ. ആയതിനാൽ നൂറ് ശതമാനം നികുതി ഓഡിറ്റിനുള്ള സാഹചര്യമുണ്ടാകണം.

8) വസ്തുനികുതി പരിഷ്കരണം പൂർണ്ണമായും പ്രത്യേക ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല:

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2013 ൽ ആരംഭിച്ച പരിഷ്കരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പൂർത്തീകരണത്തിന് പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഓരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.

9) <u>വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല:</u>

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്. ഖണ്ഡിക നം .1-13 കാണുക

10) <u>സാങ്കേതിമായ പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നു:</u>

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം -6 പട്ടിക-6 പ്രകാരം കെട്ടിടങ്ങൾക്ക് 250 ചതുരശ്രമീറ്ററിലധികം മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാനവസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രീമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽ കൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും ഒഴിവാകുന്ന അവസ്ഥയാണുള്ളത്. വിഷയം IKM ന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

11) <u>സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ ഉപയോഗക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല:</u>

നിലവിലുള്ള ഉപയോഗക്രമങ്ങൾ നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന നികുതി ചോർച്ചകൾ, കാർഷികാവശ്യകെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുക എന്നിവ ലക്ഷ്യമാക്കി പുതിയ നികുതി നിരക്കുകൾ സർക്കാർ ഉത്തരവ് മൂലം പുറപ്പെടുവിച്ചിരുന്നു. (18.11.19-ലെ സ.ഉ(അച്ചടിച്ചത്) 82/2019/ത.സ്വ.ഭ.വ പ്രകാരം താഴെപ്പറയുന്ന ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് നിർദേശിച്ചിരുന്നു.

1.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവ ഇതിന് ഉദാഹരണമാണ്.

2.ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ

കൂടാതെ 8.9.2020 ലെ സ.ഉ(അച്ചടിച്ചത്) 53/2020 ത.സ്വ.ഭ.വ. പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു).

ഉത്തരവുകൾ പ്രകാരം പുതുതായി ആറ് ഉപയോഗക്രമങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്താത്തതുമായ ഉപയോഗക്രമങ്ങളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

പുതിയതായി നിർവ്വചിക്കപ്പെട്ട റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തിയില്ല. അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

12) <u>മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിൽ ഗുരുതരമായ വീഴ്ച:</u>

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ അനുവാദം വാങ്ങി നിർമ്മാണം പൂർത്തീകരിച്ചവർ നികുതി നിർണ്ണയത്തിന് പഞ്ചായത്തിനെ സമീപിക്കാത്ത സാഹചര്യമുണ്ട്. കൂടാതെ ടവറുകളുടെ ബാറ്ററി, ഷെൽറ്റർ റൂമുകൾ, നമ്പറിംഗിന് ശേഷം ചേർക്കപ്പെടുന്ന ഭാഗങ്ങൾ എന്നിവയെ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. (ഖണ്ഡിക നം.1-20 കാണുക)

13) <u>അനധികൃതമായ നികുതിയിളവ്</u>

പഞ്ചായത്ത് രാജ് നിയമം, വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ച കെട്ടിടങ്ങൾ മാത്രമല്ല വസ്തുനികുതി ഒഴിവുനേടുന്നത്. ആരാധനാലയങ്ങൾ എന്ന ഗണത്തിലും നികുതി ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന നിലയിലും ചില അയോഗ്യമായ കെട്ടിടങ്ങളെ ഉൾപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട് (ഖണ്ഡിക നം.1-17 കാണുക).

14) <u>സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്:</u>

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ ചുനക്കര ഗ്രാമപഞ്ചായത്ത് നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

| ക്രമ നം. | സേവനം | വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി |
|---|---|---|

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | 4% |
| 2 | ജല വിതരണം | 3% |
| 3 | തെരുവു വിളക്കുകൾ | 2% |
| 4 | ഡ്രൈനേജ് | 1% |

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

15) നികുതിഇതര വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ

നികുതി ഇതരവരുമാനത്തിൽ മാർക്കറ്റ് ലേലം, ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളിൽ നിന്നുള്ള വാടക എന്നിവ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ രണ്ട് ആസ്തികളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഗ്രാമപഞ്ചായത്തിൽ ലഭിക്കും വിധമുള്ള വികസനപ്രവർത്തനങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടുന്നുണ്ട്.

*ചുനക്കര മാർക്കറ്റ്* ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വിശാലമായ ഒരു പൊതുമാർക്കറ്റാണ്. ആഴ്ചയിൽ രണ്ട് ദിവസം മാത്രമാണ് ചന്ത ദിനങ്ങളെങ്കിലും ചന്തയോട് ചേർന്നുള്ള ഷോപ്പിംഗ് കോംപ്ലക്സിന് മുൻപിൽ ദിവസവും അനധികൃത മത്സ്യവ്യാപാരം നടക്കുന്നുണ്ട്. റോഡിനോട് ചേർന്ന് നടത്തുന്ന ഇത്തരം വ്യാപാരം നിർബന്ധമായും അവസാനിപ്പിച്ച് ചന്തക്കുള്ളിൽ സ്റ്റാളുകൾ നിർമ്മിച്ച് ലേലത്തിൽ നൽകുന്നത് പരിഗണിക്കാവുന്നതാണ്.

എം.എൽ.എ യുടെ പ്രാദേശിക ആസ്തിവികസനഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ മുറികൾ ലേലത്തിൽ നൽകുന്നതിന് അടിയന്തിര ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് സമിതിയുടെ സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

ഓഡിറ്ററിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKM നോട് ആവശ്യപ്പെടേണ്ടതാണ്.

6)വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ്തല

റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണം.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.

10) അനധികൃത നികുതിയിളവുകൾ പുന:പരിശോധിക്കണം.

11) മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്താത്തത് മൂലമുള്ള നഷ്ടം അടിയന്തിരമായി പരിഹരിക്കണം.

## 1-11 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയക്ക് വസ്തുനികുതി ചുമത്തുന്നില്ല-വാർഷിക ഡിമാൻഡിൽ 83364 രൂപയുടെ കുറവ്

ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചുമത്തിയതിൽ അപാകമുണ്ട്. സെയിൽറൂമിനെ മാത്രം വസ്തുനികുതി ചുമത്തുകയും യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയെയും വസ്തുനികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കിയതും ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ വലിയ കുറവുണ്ടാക്കി.

ലൈസൻസ് രജിസ്റ്റർ പ്രകാരം 4 ഫ്യൂവൽ സ്റ്റേഷനുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. SRO നമ്പർ 36/2011 സർക്കാർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 60/- രൂപയായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ദേശീയ (കൊല്ലം-തേനി) സംസ്ഥാന (കെ.പി റോഡ്) പാതകൾക്ക് സമീപമായി സ്ഥിതിചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് ഇവയെല്ലാമെന്നിരിക്കെ ഒരു ഫ്യൂവൽ സ്റ്റേഷനെ ഒഴികെ മറ്റുള്ളവയെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തിയിട്ടുള്ളത്. മൂന്ന് ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂമിനെ മാത്രമാണ് വസ്തുനികുതി ചുമത്തിയത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം, ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കുറവ് വസ്തുനികുതി ചുമത്തപ്പെട്ട സ്ഥാപനങ്ങളുടെ കാനോപ്പി ഏരിയ ഉൾപ്പെടുന്ന ഭാഗത്തിന്റെ വിസ്തൃതി അളന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിനോട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-05/22-23 തീയതി-14-10-23) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം (LID &EW SECTION) അന്വേഷണം നടത്തി ഫ്യൂവൽ സ്റ്റേഷനുകൾ ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെയും കെട്ടിടഭാഗങ്ങളുടെയും വിസ്തൃതി രേഖാമൂലം ലഭ്യമാക്കി. ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയ ഏരിയായുമായി വലിയ അന്തരം കാണപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക- 1: ചുനക്കര ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളും ചുമത്തപ്പെട്ട വസ്തുനികുതിയും

| ക്രമ നം | ഫ്യൂവൽ സ്റ്റേഷന്റെ പേര് | കെട്ടിട നമ്പരുകൾ | വസ്തുനികുതി ചുമത്തുന്ന വിസ്തൃതി | വസ്തുനികുതി |
|---|---|---|---|---|
| 1 | ആദിത്യ ഫ്യൂവൽസ്, ചുനക്കര | 1/397 | 8m$^2$ | 269 |
| | | 1/572 | 9 M$^2$ | 567 |
| 2 | വിഷ്ണു ഫ്യൂവൽസ്, കരിമുളക്കൽ | 8/256 | 20m$^2$ | 735 |

| | | | | |
|---|---|---|---|---|
| 3 | ശ്രീദേവി ഫ്യൂവൽസ്, കരിമുളക്കൽ | 9/375 | 12.5 $M^2$ | 2127 |
| 4 | പ്രശാന്തി ഫ്യൂവൽസ്, ചുനക്കര | 1/353A (ഓഫീസ്) | 39.4 | 1821 |
| | | 1/353 B (കുറഞ്ഞതരം മേൽക്കുര) | 170.5 $M^2$ | 11816 |

പട്ടിക 2: മരാമത്ത് വിഭാഗം ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആദ്യ മൂന്ന് ഫ്യൂവൽ സ്റ്റേഷനുകൾ ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വിസ്തൃതി

| ക്രമ നം | ഫ്യൂവൽ സ്റ്റേഷന്റെ പേര് | ഗ്രാമ പഞ്ചായത്തിന്റെ ഡേറ്റാ ബേസ് പ്രകാരമുള്ള വിസ്തൃതി | നിലവിൽ ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വിസ്തൃതി | വ്യത്യാസം |
|---|---|---|---|---|
| 1 | ആദിത്യ ഫ്യൂവൽസ്, ചുനക്കര | 17 $M^2$ | 194.55 $M^2$ | 177.55$m^2$ |
| 2 | വിഷ്ണു ഫ്യൂവൽസ്, കരിമുളക്കൽ | 20 $M^2$ | 625.23 $M^2$ | 605.23$m^2$ |
| 3 | ശ്രീദേവി ഫ്യൂവൽസ്, കരിമുളക്കൽ | 12.5 $M^2$ | 619.12$m^2$ | 606.62$m^2$ |

(ക്രമ നം-4 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രശാന്തി ഫ്യൂവൽസിന്റെ കാനോപ്പി ഏരിയ വസ്തുനികുതി ചുമത്തുന്നതിന് പരിഗണിച്ചിരുന്നു. ആയതിനാൽ ഈ ഫ്യൂവൽ സ്റ്റേഷന്റെ വിസ്തൃതി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.)

ആകെ 1389.4 $M^2$ ഭാഗം മൂന്ന് ഫ്യൂവൽ സ്റ്റേഷനുകളുടേതുമായി വസ്തു നികുതി ചുമത്തപ്പെടാതെയുണ്ട്. ഇത് 83364 രൂപയുടെ വസ്തുനികുതി നഷ്ടം പ്രതിവർഷം ഗ്രാമപഞ്ചായത്തിനുണ്ടാക്കുന്നുണ്ട് (അടിസ്ഥാന വസ്തുനികുതിയിലെ ഇളവ്/വർദ്ധനവ് പരിഗണിക്കാതെ കണക്കാക്കുമ്പോൾ). വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി കെട്ടിട നമ്പർ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 സ്പോർട്ട്സ് ടർഫിനെ വസ്തുനികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡിൽ *Shuttle Times* എന്ന പേരിൽ ഒരു സ്പോർട്സ് ടർഫ് പ്രവർത്തിക്കുന്നുണ്ട്. ടർഫിൽ പ്രധാനമായും പണം കൊടുത്തുപയോഗിക്കാവുന്ന ഷട്ടിൽ കോർട്ടാണുള്ളത്. ഏകദേശം 369.66 $M^2$ വിസ്തൃതിയുള്ള പ്ലേ ഗ്രൌണ്ടിനെയോ (Synthetic Turf) അനുബന്ധ കെട്ടിടങ്ങളെയോ ഗ്രാമപഞ്ചായത്ത് വസ്തു നികുതി ചുമത്തിയിട്ടില്ല. ഓഡിറ്റ് വിഭാഗത്തിന്റെ ആവശ്യപ്രകാരം (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-11/22-23) ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് വിഭാഗം (LID &EW SECTION) അന്വേഷണം നടത്തി Shuttle Times എന്ന പേരിലുള്ള ടർഫ് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെയും കെട്ടിടഭാഗങ്ങളുടെയും വിസ്തൃതി ലഭ്യമാക്കി. ഷട്ടിൽ കോർട്ട്, ഓഫീസ്, വരാന്ത തുടങ്ങിയ കെട്ടിട ഭാഗങ്ങൾക്കെല്ലാം കൂടി 517.01 ചതുരശ്രമീറ്റർ വിസ്തൃതിയുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ സ്പോർട്സ് ടർഫുകൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്(സ.ഉ.(അച്ചടി)നം.25/2023/LSGD/5-4-2023 കാണുക). ഗ്രാമപഞ്ചായത്തിലെ സ്പോർട്ട്സ് ടർഫുകളുടെ നിലവിലെ വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 45 രൂപയാണ് (2023-24 വർഷം മുതൽ പ്രാബല്യത്തിലുള്ളത്). ഈ സ്പോർട്സ് ടർഫിനെയും അനുബന്ധകെട്ടിട നിർമ്മിതികളെയും 2022-23 മുതൽ വസ്തുനികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി-നികുതിനിർണ്ണയത്തിന് ശേഷം ഏർപ്പെടുത്തുന്ന സൌകര്യങ്ങൾക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിക്കുമേലുള്ള വർദ്ധനവുകൾ

ഉൾപ്പെടുത്തുന്നില്ല

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തൃതിയിലോ ഉപയോഗക്രമത്തിലോ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും ബാധകമാക്കേണ്ട ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.(കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം-17(1)). കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവവിരുദ്ധമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും ചട്ടം 12(6) പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലസന്ദർശനം നടത്തി കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 8 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങൾ കേന്ദ്രീകൃത ശീതീകരണ സംവിധാനത്തോട് കൂടിയാണ് പ്രവർത്തിക്കുന്നതെങ്കിലും(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-06/22-23 ന് ലഭ്യമാക്കിയ മറുപടി) കേന്ദ്രീകൃത ശീതികരണ സംവിധാനത്തിന് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് ബാധകമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിട നം. | തറവിസ്തൃതി | പ്രവർത്തിക്കുന്ന സ്ഥാപനം | അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട വർദ്ധനവ് @ 10% |
|---|---|---|---|---|---|---|
| 1 | ഷാനവാസ് ഖാൻ, ഉണ്ടുപറമ്പിൽ, ചുനക്കര | 7/373A | 487.3 | റിലയൻസ്-ട്രെൻഡ്സ് | 38984 | 3898.4 |
| 2 | ഷാനവാസ് ഖാൻ, ഉണ്ടുപറമ്പിൽ, ചുനക്കര | 7/373B | 487.3 | റിലയൻസ്-ട്രെൻഡ്സ് | 38984 | 3898.4 |
| ആകെ കുറവ് | | | | | | 7796.8 |

കുറവ് വന്ന വസ്തുനികുതി പുനനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ നിരവധി കെട്ടിടങ്ങളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരമുള്ള നികുതി നഷ്ടം ഉണ്ടാകുവാനുള്ള സാഹചര്യമുണ്ട്. *പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്* (കേരള പഞ്ചായത്ത് രാജ്-കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം-21) നടത്തി കുറഞ്ഞ നികുതി ചുമത്തപ്പെട്ട സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും വസ്തുനികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6/16.10.23).

1-14 മേൽത്തരം തറനിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയില്ല-വസ്തുനികുതി ഡിമാൻഡിൽ 9504 രൂപയുടെ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തൃതി ച.മീ | ഉടമയുടെ പേര് | ചുമത്തിയ അടിസ്ഥാന വസ്തുനികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വർദ്ധനവ് |
|---|---|---|---|---|---|
| 1 | 4/281 A | 283.93 | ഉദയ ഗോപാൽ,<br>തുളസിഭവനം | 1703.58 | 255.537 |
| 2 | 7/272 A | 388.11 | ഫെലിക്സ് തോമസ്,<br>ലിറ്റി തോമസ്സ്,<br>ലൂർദ് പുരം | 2328.66 | 349.299 |
| 3 | 13/581 A | 261.43 | ഗോപീകൃഷ്ണൻ<br>കുമ്പപ്പുഴ | 1568.58 | 235.287 |
| 4 | 7/747 A | 271 | പ്രതീപ് വിജി,<br>വാഴപ്പള്ളിൽ, പ്രണാമം | 1626 | 243.9 |
| 5 | 5/382 A | 318.632 | ഗോപാലകൃഷ്ണപിള്ള,<br>രാമനിലയം | 1911.792 | 286.768 |
| 6 | 9/301 A | 261 | സുരേഷ് കുമാർ,<br>മകം<br>കരിമുളക്കൽ | 1566 | 234.9 |
| 7 | 13/419 B | 318.14 | ഗംഗാധരൻ പിള്ള,<br>ശാന്തമ്മ,<br>കൈലാസം | 1908.84 | 286.326 |
| 8 | 6/186 A | 276 $M^2$ | ഷെരീഫ്<br>റാവുത്തർ/സുബൈദ,<br>കാഞ്ഞിരവിള പുത്തൻവീട് | 1656 | 248.4 |
| 9 | 6/327 A | 261.19 | ഇക്ബാൽ ഇബ്രാഹിം,<br>സജാദ് മൻസിൽ,<br>ചുനക്കര സൌത്ത് | 20895.2 | 3134.28 |
| 10 | 13/508A | 304.09 | ജേക്കബ് തോമസ്, | 1824.54 | 273.681 |

| | | | | | |
|---|---|---|---|---|---|
| | | | വിളയിൽ മീനത്തേതിൽ, യാക്കോബ് ഭവൻ | | |
| 11 | 3/37 A | 298.53 | സുരേഷ് കുമാർ.ബി, ഷീല ടി.ഇ അനുഗ്രഹ ചുനക്കര വടക്ക് | 1791.18 | 268.677 |
| 12 | 13/505A | 268.91 | നിയാസ് അസീസ് ഹാരിയ നിയാസ് പാറയിൽ മനാർ ചുനക്കര | 1613.46 | 242.019 |
| 13 | 13/65 A | 259.28 | ശരത് കുമാർ വടക്കടത്ത് കോമല്ലൂർ പി ഒ | 1555.68 | 233.352 |
| 14 | 1/258 A | 277.49 | ദീപുകൃഷ്ണൻ പുത്തൻ പുരക്കൽ ചുനക്കര സൌത്ത് | 1664.94 | 249.741 |
| 15 | 6/73 D | 329.08 $M^2$ | അബുരാജ്,ബാബുരാജ്, ലൈലാമ്മാൾ വാലുപറമ്പിൽ ചാരുംമൂട് സൌത്ത് | 19744.8 | 2961.72 |

ക്രമ നം-13,14,15 എന്നിവ 2022-23 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ്.

തറനിർമ്മിതിയുടെ തരം സംബന്ധിക്കുന്ന പരിശോധന നടത്തി അടിസ്ഥാന തറവിസ്തൃതിയിൽ വർദ്ധനവ് വരുത്തേണ്ടതുണ്ടെങ്കിൽ (ഫീൽഡ് തല പരിശോധന റിപ്പോർട്ട് ആസ്പദമാക്കി) വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 34/21.10.23)

1-15 പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് അനധികൃതമായി വസ്തുനികുതിയിളവ് നൽകി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207-1 പ്രകാരം അനുവദിക്കപ്പെട്ട കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസ് പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ പതിനഞ്ചാം വാർഡിൽ പുതിയതായി നിർമ്മിക്കപ്പെട്ട പോലീസ് സ്റ്റേഷൻ കെട്ടിടത്തെ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. കെട്ടിടം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാവുന്ന കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല, കെട്ടിടത്തിന്റെ സഞ്ചയ ഡേറ്റാബേസ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | തറവിസ്തൃതി |
|---|---|---|
| ഡിസ്ട്രിക്ട് പോലീസ് ചീഫ്, | 15/252 A | സെല്ലാർ-62.83 $M^2$ |

| | | | |
|---|---|---|---|
| ഡിസ്ലിക്ട് പോലീസ് ഹെഡ് കാർട്ടേഴ്സ് | | താഴത്തെ നില-31.72 $M^2$<br>ഒന്നാം നില-45.47 $M^2$ | |

ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-33/22-23 തീയതി.21-10-23) പ്രകാരം നികുതി ഒഴിവ് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-16 വാണിജ്യാവശ്യ കെട്ടിടങ്ങളെ അവയുടെ ആകെ തറവിസ്തൃതിക്കനുസൃതമായ വസ്തുനികുതി നിരക്ക് ചുമത്തിയില്ല

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 50 രൂപയും വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 60 രൂപയും ആണ്. എന്നാൽ ഗ്രാമപഞ്ചായത്ത് കെട്ടിട ഉടമയുടെ ആവശ്യപ്രകാരം കെട്ടിടങ്ങൾക്ക് തറവിസ്തൃതി വിഭജിച്ച് നമ്പരിടുകയും 100 ച.മീറ്ററിന് താഴെ ബാധകമായ വസ്തുനികുതി ചുമത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇപ്രകാരം ചെയ്യുന്നില്ലായെങ്കിലും മുൻപുണ്ടായ പിഴവുകൾ ഡേറ്റാ പ്യൂരിഫിക്കേഷൻ മുഖാന്തിരം പരിഹരിക്കാതിരുന്നത് വസ്തുനികുതി ഡിമാന്റിൽ കുറവുണ്ടാക്കിയിട്ടുണ്ട്. ചില കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ആകെ തറവിസ്തൃതി | കെട്ടിട നമ്പറുകൾ | ഉടമയുടെ പേര് |
|---|---|---|---|
| 1 | 288.18 | 2/296 ABCDEF | പ്രകാശ് കുമാർ<br>ചെറുതിട്ട തറയിൽ |
| 2 | 101.5 | 6/98 ABCD | ഫെബിസ് ദീൻ<br>കോട്ടക്കകത്ത് വിളയിൽ |
| 3 | 150.4 | 7/378 ABCDE | ബഷീർ<br>തടത്തിൽ കിഴക്കതിൽ |

ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 35/21.10.23).

1-17 ആരാധനാലയമെന്ന നിലക്ക് പാരിഷ് ഹാളിനെ വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കി - നികുതി ഡിമാൻഡിൽ 21984 രൂപയുടെ കുറവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 - 1 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസ് പരിശോധിച്ചതിൽ നിരവധി കെട്ടിടങ്ങളെ ആരാധനാലയം എന്ന നിലക്ക് ഉൾപ്പെടുത്തിയിട്ടുള്ളതായി വ്യക്തമായി. ഗ്രാമപഞ്ചായത്തിലെ ആരാധനാലയങ്ങളോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും വസ്തുനികുതി ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങൾ സംബന്ധിക്കുന്ന പട്ടിക ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-1 / 22-23 നുള്ള മറുപടിയായി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കി. ഈ പട്ടികയിൽ ഉൾപ്പെട്ടതും പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിച്ച ഒരു പാരിഷ് ഹാൾ ഇപ്രകാരം ഒഴിവാക്കപ്പെട്ടതായി കണ്ടു.

കെട്ടിടത്തിന് നിയമാനുസൃതം അസംബ്ലി ഹാൾ എന്ന ഉപയോഗക്രമത്തിൽ വസ്തുനികുതി ചുമത്താതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാന്റിൽ 21984 രൂപയുടെ കുറവുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തൃതി | ഉപയോഗക്രമം | ചുമത്തേണ്ട വസ്തുനികുതി @40/SqM |
|---|---|---|---|---|
| 8/372 A | സെന്റ് ഗ്രിഗോറിയസ് ഓർത്തഡോക്സ് ചർച്ച്, കരിമുളക്കൽ | $458m^2$ | ഓഡിറ്റോറിയം | അടിസ്ഥാന വസ്തുനികുതി-18320<br>റോഡ് -3664<br>ആകെ<br>-21984 |

ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/12.10.23)

## 1-18 അനധികൃത നിർമ്മാണം- തുടർനടപടികളില്ലാത്തത് തനതുവരുമാന ചോർച്ചക്കിടയാക്കുന്നു

നിലവിൽ വസ്തുനികുതി അടയ്ക്കുന്ന കെട്ടിടങ്ങളോട് അനധികൃതമായി കൂട്ടിച്ചേർക്കൽ നടത്തുക, റൂഫിന് മുകളിൽ ഗാൽവനൈസ്ഡ് അയൺ ഷീറ്റുകളും പൈപ്പുകളും ഉപയോഗിച്ച് ഒരു നിലതന്നെ നിർമ്മിച്ച് ഉപയോഗിക്കുക, പാർക്കിംഗ് ഏരിയ കെട്ടിമറച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വ്യാപകമായിട്ടും വിശദമായ പരിശോധനകളും നടപടികൾക്കും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം -21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനിടയാക്കുന്നുണ്ട്. ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. റഗുലറൈസ് ചെയ്യുന്ന അഥവാ പൊളിച്ച് നീക്കുന്ന തീയതി വരെ അനധികൃത നിർമ്മാണങ്ങൾക്ക് മൂന്നിരട്ടി വസ്തുനികുതി ഈടാക്കപ്പെടേണ്ടതാണ്.

ഓഡിറ്റ് വിഭാഗത്തിന്റെ നിർദ്ദേശാനുസരണം, ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോട് കൂടി പ്രവർത്തിക്കുന്ന NH ഹാർഡ് വെയർ എന്ന സ്ഥാപനം വ്യാപരത്തിനായി ഉപയോഗപ്പെടുത്തുന്ന സ്ഥലം മരാമത്ത് വിഭാഗം അളന്ന തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്നതും വസ്തുനികുതി ചുമത്തപ്പെട്ടതുമായ വിസ്തൃതിയുടെയും മരാമത്ത് വിഭാഗം അളന്ന് തിട്ടപ്പെടുത്തിയ വിസ്തൃതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | ലൈസൻസ് നൽകിയ കെട്ടിട | വിസ്തൃതി (ച.മീ) | ചുമത്തിയ വസ്തുനികുതി |
|---|---|---|---|

| | നമ്പരുകൾ | | |
|---|---|---|---|
| ഷഫീക്ക്.എസ്, | 6/367 A | 83.6 | 7999 |
| മുളവനകിഴക്കതിൽ, | 6/367 B | 83.6 | 6020 |
| ചുനക്കര തെക്ക് | 6/367 C | 112.1 | 6020 |
| ആകെ വിസ്തൃതി | 279.3 $M^2$ | | |
| NH ഹാർഡ് വെയർ അധികമായി നിർമ്മാണം നടത്തിയ വിസ്തൃതി | 348.85 $M^2$ | | |

ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 348.85 $M^2$ ച.മീറ്റർ അധിക നിർമ്മാണം നടത്തിയ സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടുള്ളതായി രേഖയില്ല. അനധികൃത നിർമ്മാണം നടത്തിയതോടെ നിലവിലുള്ള കെട്ടിടഭാഗവും അനധികൃതമായി മാറുകയും കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള പാർക്കിംഗ്, ടോയ്‌ലറ്റ് ഏരിയകൾ ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന് ബാധകമാക്കേണ്ട വസ്തുനികുതി അനധികൃതമാകയാൽ കെട്ടിടം ക്രമവൽക്കുന്നവരെയോ അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നവരെയോ ബാധകമാക്കേണ്ട വസ്തുനികുതി (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-235 AA(1)) ചുമത്തേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

മരാമത്ത് വിഭാഗത്തിന്റെ പൂർണ്ണ സഹകരണത്തോടെ പോസ്റ്റ്ഒക്കുപ്പൻസി പരിശോധന കാര്യക്ഷമമാക്കി, മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു കർമ്മപദ്ധതിക്ക് സെക്രട്ടറി രൂപം നൽകേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം - 7/16.10.2023)

1-19 ആരാധനാലയങ്ങളുടെ ഭാഗമായുള്ള കെട്ടിടങ്ങൾ വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 - 1 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസ് പരിശോധിച്ചതിൽ നിരവധി ആരാധനാലയങ്ങളല്ലാത്ത കെട്ടിടങ്ങളെയും ആരാധനാലയം എന്ന നിലക്ക് ഉൾപ്പെടുത്തിയിട്ടുള്ളതായി വ്യക്തമായി. പ്രധാന ആരാധന കെട്ടിടത്തോടൊപ്പമുള്ള ഊട്ടുപുരകൾ, സദ്യാലയങ്ങൾ, പാരിഷ് ഹാളുകൾ, പാർസ്സനേജുകൾ, മദ്രസ്സ ഹാളുകൾ എന്നിവയൊന്നും തന്നെ ഇളവിനർഹമല്ലയെന്നിരിക്കെ ഒരേ ആരാധനാലയത്തിന്റെ ഉടമസ്ഥതയിൽ നിരവധി കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ ആരാധനാലയങ്ങളോട് ചേർന്നുള്ള നിരവധി നിരവധി കെട്ടിടങ്ങൾ വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെട്ടതായി വ്യക്തമായി. ഇവയിൽ ചില കെട്ടിടങ്ങൾ സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തൃതി | ഉപയോഗക്രമം |
|---|---|---|---|
| 7/643 | പ്രസിഡന്റ്, മുസ്ലീം ജമാ അത്ത് മോസ്ക് | 240 $M^2$ | മദ്രസ ഹാൾ |

| | | | |
|---|---|---|---|
| 7/599 | ട്രസ്റ്റി,<br>സെന്റ് തോമസ് മാർത്തോമ സിറിയൻ ചർച്ച് | 200 $M^2$ | ഓഡിറ്റോറിയം |
| 5/255 | സെക്രട്ടറി<br>തെക്കേടത്ത് ദേവി ക്ഷേത്രം | 55 2 | ഊട്ടുപുര |

മുകളിലെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾ ഉദാഹരണങ്ങൾ മാത്രമാണ്. ആരാധനാലയങ്ങൾ എന്ന നിലക്കും നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന നിലക്കും നിരവധി കെട്ടിടങ്ങളെ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയിട്ടില്ല.

ആരാധനാലയങ്ങൾക്ക് നൽകുന്ന ഇളവുകൾ യഥാർത്ഥ ആരാധന നടക്കുന്ന കെട്ടിടത്തിന് മാത്രമാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് ഈ ഗണത്തിലെ മുഴുവൻ കെട്ടിടങ്ങളെയും പുന:പരിശോധന വിധേയമാക്കി, ആരാധനാലയം അല്ലാത്തവയെ വസ്തുനികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/12.10.23)

1-20 അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു - വസ്തുനികുതിയിൽ നഷ്ടം

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ ഡേറ്റാബേസ് പ്രകാരം 7 മൊബൈൽ ടവറുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം മൊബൈൽ ടവറിന്റെ മുഴുവൻ ഭാഗങ്ങളും വസ്തുനികുതി ചുമത്തപ്പെടുന്നുണ്ടോയെന്നും പരിശോധിച്ചുറപ്പിക്കേണ്ടതുണ്ട്.

വസ്തുനികുതി ചുമത്തപ്പെടാത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് ഫീൽഡ് തല പരിശോധന നടത്തി ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം. | സർവ്വീസ് പ്രൊവൈഡറുടെ പേര് | ടവർ സ്ഥിതി ചെയ്യുന്ന സ്ഥല ഉടമയുടെ പേര് | വാർഡ് നം/ തൊട്ടടുത്ത കെട്ടിട നം. |
|---|---|---|---|
| 1 | ജിയോ | ഹരി | വാർഡ് -10 (ഓണേത്ത് മൈതാനം വടക്ക്) |
| 2 | ജിയോ | കെ.ജി ജേക്കബ്, കുറ്റിയിലയ്യത്ത് | വാർഡ്-10 11/165 |
| 3 | ബി എസ് എൻ എൽ | ആഷിഷ്, ബിജുഭവനം | വാർഡ് നം-8 |

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് 3/12-10-23 നമ്പള്ള മറുപടി). എന്നാൽ ഈ മൊബൈൽ ടവറുകളെ

വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചിട്ടില്ലാക്കുന്നില്ല. ടവർ നിർമ്മാണം സംബന്ധിക്കുന്ന പെർമ്മിറ്റ്/ ഇന്റിമേഷൻ വിവരങ്ങളോ പൂർത്തീകരിച്ചത് സംബന്ധിക്കുന്ന വിവരങ്ങളോ ഇതേവരെ ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടില്ല. ഓഡിറ്റ് വിഭാഗം ചൂണ്ടി കാണിക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിവരങ്ങൾ അന്വേഷിക്കുന്നതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതും. ഈ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ അനുശാസിക്കും പ്രകാരമുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിതികൾ ഗ്രാമപഞ്ചായത്തിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ശൃംഖലയ്ക്ക് പുറത്താണ് എന്നത് വലിയ വരുമാന ചോർച്ചക്കിടയാക്കുന്നു. മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിനൊപ്പം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടേയും വസ്തുനികുതി ചുമത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-21 പാർപ്പിടാവശ്യ കെട്ടിടങ്ങൾ ലോഡ്ജിംഗ് കെട്ടിടങ്ങളായി ഉപയോഗിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി നിരവധി കെട്ടിടങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ താമസാവശ്യത്തിനുപയോഗിക്കുന്നുണ്ടെന്ന് സെക്രട്ടറി രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-2/22-23 തീയതി 12-10-23 നുള്ള മറുപടി). എന്നാൽ ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പ്രകാരം (സഞ്ചയ ഡേറ്റാബേസ്) ഈ കെട്ടിടങ്ങളിൽ ഭൂരിഭാഗവും പാർപ്പിടാവശ്യകെട്ടിടങ്ങളെന്ന നിലക്ക് നികുതി നിർണ്ണയിച്ചവയാണ്. ഇത് ഗ്രാമപഞ്ചായത്തിന് തനതുവരുമാനനഷ്ടം ഉണ്ടാക്കുകയും അതിലുപരി സുരക്ഷാപ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നുണ്ട്. മറുപടി പ്രകാരം സെക്രട്ടറി ലഭ്യമാക്കിയ കെട്ടിടങ്ങളുടെയും ഉടമകളുടെയും പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര്/ വിലാസം |
|---|---|---|
| 1 | 5/179 | ഷാജി/താഹിറ<br>ഷഹാന മൻസിൽ |
| 2 | 14/136 | ശശി<br>വാക്കയിൽ ഇല്ലിക്കുളത്ത് |
| 3 | 14/41 | സുജാത/മാധവൻകുട്ടി<br>രേവതി |
| 4 | 10/20 | സത്യപാൽ/ബീന<br>അരുണാലയം |
| 5 | 3/290 | വി ആർ ശ്രീകുമാർ<br>കൌസ്തുഭം |
| 6 | 4/299 A | ഗൌരി കുട്ടി പിള്ള<br>ജയാഭവനം |
| 7 | 4/303 D | രവീന്ദ്രൻ<br>രഞ്ജിത്ത് ഭവനം |

| | | |
|---|---|---|
| 8 | 6/518 | ഹബീബ്, ചോണേത്ത് |
| 9 | 13/187,188,189,191 | ഗോപാലകൃഷ്ണക്കുറുപ്പ്<br>പുത്തൻവീട്ടിൽ വടക്കതിൽ |
| 10 | 13/350,353 | ഹനീഫ റാവുത്തർ<br>കൊച്ചുതാര വീട് |
| 11 | 13/146,147 | സിദ്ദിഖ് റാവുത്തർ, ഷാഹിന സിദ്ദിഖ്<br>കോടാനയ്യത്ത് കോട്ടേജ് |

(ക്രമ നം - 9,10,11 എന്നിവ വാണിജ്യാവശ്യ ഷോപ്പുകൾ എന്ന നിലക്ക് വസ്തുനികുതി ചുമത്തപ്പെട്ടവയാണ്)

നിർമ്മാണ പ്രവൃത്തികളുടെ കരാറുകാർ അല്ലെങ്കിൽ കെട്ടിട ഉടമ ഇവിടങ്ങളിൽ താമസ്സിക്കുന്നവരുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിലേക്ക് എത്തി താമസ്സിക്കുന്നവരുടെ വിവരങ്ങൾ അടിയന്തിര സാഹചര്യങ്ങളിൽ ലഭ്യമാകാത്ത സാഹചര്യം ഭാവിയിൽ അതിസുരക്ഷ പ്രശ്നങ്ങൾക്ക് വരെ ഇടയാക്കിയേക്കാം.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 ൽ കെട്ടിടങ്ങളുടെ വിനിയോഗം സംബന്ധിക്കുന്ന വിശദീകരണങ്ങൾ സർക്കാർ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഏക അല്ലെങ്കിൽ ബഹുകുടുംബ വാസസ്ഥലങ്ങളെയാണ് പാർപ്പിടാവശ്യ കെട്ടിടങ്ങളായി പരിഗണിക്കാനാവുക. കുടുംബങ്ങൾ എന്ന നിലയ്ക്കല്ലാതെ മറ്റ് സംസ്ഥാന തൊഴിലാളികളെ പ്രതിമാസ/പ്രതിദിന വാടക ഈടാക്കി പാർപ്പിക്കുന്ന ഇടങ്ങളെ പാർപ്പിടാവശ്യകെട്ടിടങ്ങളെന്ന നിലയ്ക്ക് നികുതി ചുമത്തുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം -17 പ്രകാരം നിർവ്വചിച്ചിട്ടുള്ള വസ്തുനികുതി നിർണ്ണയത്തിന് ശേഷം ഉപയോഗക്രമത്തിൽ വരുത്തുന്ന മാറ്റമായി മാത്രമെ മേൽ വിഷയത്തെ പരിഗണിക്കാനാകൂ. ആയതിനാൽ ചട്ടം 17 ലെ ഉപചട്ടം -4 പ്രകാരം ചട്ടം 12 ൽ പ്രതിപാദിച്ചിട്ടുള്ള വസ്തുനികുതി പുനർനിർണ്ണയം സെക്രട്ടറിക്ക് ചെയ്യാവുന്നതാണ്. കൂടാതെ ലോഡ്ജിംഗ് കെട്ടിടങ്ങളെന്ന നിലയ്ക്ക് രേഖകൾ സൂക്ഷിക്കുന്നതിനു നിർദ്ദേശിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

1-22 തൊഴിൽ നികുതി- മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളും തൊഴിൽ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കപ്പെട്ട സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും എന്നാൽ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടാത്തതുമായ ചില സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്വകാര്യ ധനകാര്യ പണമിടപാട് സ്ഥാപനങ്ങൾ(സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽ നികുതി)

A)മാമ്പിഴത്ത് നിധി ലിമിറ്റഡ്, കോട്ടമുക്ക്

B)ചെങ്ങന്നൂർ നിധി ലിമിറ്റഡ്, കോട്ടമുക്ക്

C)ചേരി തെക്കേതിൽ ഫൈനാൻസിയേഴ്സ്, കോട്ടമുക്ക്

D)RS ഫൈനാൻസിയേഴ്സ്, ചുനക്കര

E)വിളയിൽ സനജ ഫൈനാൻസിയേഴ്സ് , ചുനക്കര

F)ART ലീസിംഗ് ലിമിറ്റഡ് , തെരുവിൽ മുക്ക്

G)CRV ഫിനാൻസ് , തെരുവിൽമുക്ക്

H)ചെമ്മണ്ണൂർ ക്രഡിറ്റ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്, ചാരുംമൂട്

(7/343 A; രാജ് കോംപ്ലക്സ്)

I)കണ്ണാട്ട് ബിൻ ബാങ്കേഴ്സ്, ചാരുംമൂട്

J)എട്ടുതറയിൽ ഫൈനാൻസിയേഴ്സ്, കരിമുളക്കൽ

K)മിനി ഫിനാൻസ് , കോട്ടമുക്ക്

2) സഹകരണ സ്ഥാപനങ്ങൾ(ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി)

A)വ്യാപാരി വ്യവസായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി A1091

B)വേണാട് ഭവന നിർമ്മാണ സഹകരണ സംഘം

3) വാണിജ്യസ്ഥാപനങ്ങൾ (ജീവനക്കാരുടെ തൊഴിൽ നികുതി)

A)പ്രസ്റ്റീജ് എക്സ്ക്ലൂസീവ്സ്, ചാരുംമൂട്

B)യമഹ ബൈക്ക് കോർണർ-ഇഷാ മോട്ടോർസ് , ചാരുംമൂട്

C)വൃദ്ധി ഹോംഫ്രഷ് റീറ്റെയിൽ സൂപ്പർ മാർക്കറ്റ്, ചുനക്കര

D)വി-മാർട്ട്, ചുനക്കര

4) ഹെൽത്ത് കെയർ ലബോറട്ടറി/ ഡെന്റൽ ക്ലിനിക്ക്/ഹോസ്പിറ്റൽ

A)മാതാ ക്ലിനിക്കൽ ലബോറട്ടറി

B)മോഡേൺ ക്ലിനിക്കൽ ലബോറട്ടറി

C)മൈക്രോലാബ് സ്കാൻസ് ആൻഡ് ഡയഗ്നോസ്റ്റിക്സ്, ചാരുംമൂട്

D)മൈക്രോലാബ് സ്കാൻസ് ആൻഡ് ഡയഗ്നോസ്റ്റിക്സ്, കോട്ടമുറി

E)മൈക്രോലാബ് സ്കാൻസ് ആൻഡ് ഡയഗ്നോസ്റ്റിക്സ്, ചുനക്കര FHC

F)കരിമുളക്കൽ ലാബ്, 8/413

G)ദേശിങ്ങനാട് സ്കാൻസ് ആൻഡ് ലബോറട്ടറി

H)ചാരുംമൂട് സ്പെഷ്യാലിറ്റി ഡെന്റൽക്ലിനിക്ക്

I)കാരുണ്യമെഡിക്കൽ ലാബ്

J)കെയർ32 ഡെന്റൽ ക്ലിനിക്ക്

K)ടൂത്ത് ബേ ഡെന്റൽ ക്ലിനിക്ക്

L)സെന്റ് ഗ്രിഗോറിയസ് ലൈഫ് കെയർ ക്ലിനിക്ക്

M)ശാന്തി ഡെന്റൽ ക്ലിനിക്ക്

N)ഹീലിംഗ് ടച്ച് ഫിസിയോതെറാപ്പി

O)കെയർ ആൻഡ് ക്യൂർ ഹോമിയോപതിക് സെന്റർ

P)ആയുർരേഖ ആയുർവേദ ക്ലിനിക്ക്, കരിമുളക്കൽ

Q)IRIS ഡയഗ്നോസ്റ്റിക് ആൻഡ് ക്ലിനിക്കൽ ലബോറട്ടറി

5) വനിത ഡ്രൈവിംഗ് സ്കൂൾ

6)Shemford Little Stars Pre-school

7)VFPCK കർഷക പരിശീലനകേന്ദ്രം

8) വിപഞ്ചിക ഓഡിറ്റോറിയം (6/85)

9)ലോഡ്ജുകൾ (7/47-61),7/665 A,10/40 J,R,S
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12/17.10.23)

1-23 ലൈസൻസ് അപേക്ഷയ്ക്കനുസരിച്ച് തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205(എ-കെ), തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2022-23 വർഷം ലൈസൻസ് അപേക്ഷകളും തൊഴിൽ നികുതി രജിസ്റ്ററും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് പുതുക്കാൻ നൽകിയ അപേക്ഷയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി ടി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | എൻ.യശോധരൻ,<br>സിദ്ധാർത്ഥ സിമന്റ് ബ്ളോക്ക്<br>V/440-A,440B | 3 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2 | പ്രഭാകരൻ കൊല്ല, ഇൻസ്റ്റകാർട്ട് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് 2/296/g | 3 | 2പേരുടെ തൊഴിൽനികുതി മാത്രമേ ഈടാക്കിയിട്ടുള്ളൂ |
| 3 | ടി.എം ബഷീർ,<br>ഷൈമാസ് ഹോണ്ട<br>6/121 A | 8 | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 5 പേരുടെ തൊഴിൽ നികുതി മാത്രമേ ഈടാക്കിയിട്ടുള്ളൂ |
| 4 | ഷാബു,<br>റോയൽ എന്റർപ്രൈസസ്<br>07/302 | 5 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |

മേൽ സ്ഥാപനങ്ങളിൽ പ്രവർത്തിയ്ക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/16-10-23

ന് തന്നെ മറുപടിയിൽ തൊഴിൽ നികുതി അടയ്ക്കുവാൻ ബാക്കിയുള്ള സ്ഥാപനങ്ങളിലേയ്ക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ചിരിയ്ക്കുന്നത് ഉദാഹരണങ്ങൾ മാത്രമാണ്. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ ലൈസൻസെടുക്കാൻ/പുതുക്കാനായി വരുമ്പോൾ ലൈസൻസ് അപേക്ഷയിൽ സൂചിപ്പിച്ചിരിയ്ക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-24 സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. എന്നാൽ ഇതു സംബന്ധിക്കുന്ന വിവരം വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

1) ചുനക്കര SCB നം-4081, I & II

2) മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, കോട്ടമുക്ക്-I

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12/17.10.23)

1-25 വാടക - റവന്യു റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും കുടിശ്ശിക ഈടാക്കിയിട്ടില്ല

1) ചുനക്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 13ാം നം കടമുറി 2021-22 സാമ്പത്തികവർഷം വാടകയ്ക്ക് എടുത്തിരുന്ന ചന്ദ്രൻ ഉണ്ണിത്താൻ, കരിമുളയ്ക്കൽ എന്നയാൾ വാടക പുതുക്കാതെയും എഗ്രിമെന്റിൽ ഏർപ്പെടാതെയും 2022-23 സാമ്പത്തിക വർഷവും തുടരുപയോഗിച്ചിട്ടുള്ളതാണ്. ഇതേ തുടർന്ന് ടിയാൾക്ക് കടമുറി ഒഴിയാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22/03/22 ലും, 03/03/22 ലും (1113/21 നം ഉത്തരവ് പ്രകാരം) നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. നോട്ടീസ് കാലാവധിയ്ക്ക് ശേഷവും കടമുറി ഒഴിയാത്തതിനെ തുടർന്ന് 18/03/21 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 7(2)ാം നം തീരുമാന പ്രകാരം ടി കടമുറി 30/03/22 ൽ 11300/- രൂപയ്ക്ക് ലേലം ചെയ്യുകയും ചെയ്തു. ലേലം പിടിച്ചയാൾ ഡെപ്പോസിറ്റ് തുക ഒടുക്കി പഞ്ചായത്തുമായി എഗ്രിമെന്റിലേർപ്പെട്ടെങ്കിലും ശ്രീ.ചന്ദ്രൻ ഉണ്ണിത്താൻ, കടമുറി 06/05/22 ൽ മാത്രമാണ് ഒഴിയുകയുണ്ടായത്. ടി കടമുറി അനധികൃതമായി കൈവശം വെച്ചതിനാൽ പുതുതായി ലേലം പിടച്ചയാൾക്ക് ടി കടമുറി ഉപയോഗിയ്ക്കാൻ സാധിയ്ക്കാതെ വരികയും അയാൾ ലേലം ഒഴിയുകയും ചെയ്തു. ശ്രീ.ചന്ദ്രൻ ഉണ്ണിത്താൻ കടമുറി അനധികൃതമായി കൈവശം വെച്ച് ഉപയോഗിച്ച കാലയളവിലെ വാടക (01/04/22 മുതൽ 06/05/22 വരെ 15556/-രൂപ) പഞ്ചായത്തിന് നഷ്ടമാവുകയും ചെയ്തു. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/17-10-23 ന് നൽകിയ മറുപടിയിൽ ടിയാളിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റിനത്തിൽ പഞ്ചായത്തിലേയ്ക്ക് നൽകിയിരുന്ന തുക (10000 രൂപ) 31-03-23 ൽ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വരവ് വെയ്ക്കുകയും ബാക്കി തുക ഈടാക്കാൻ ഓൺലൈൻ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. റവന്യൂറിക്കവറി നടപടികളുടെ പുരോഗതി അറിയിക്കുന്നതിനോടൊപ്പം തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

2) 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരിമുളയ്ക്കൽ കെ-3 നം കടമുറി വാടകയ്ക്ക് എടുത്തിരുന്ന ശ്രീ.ജോബി, ആണ്ടുകാലയിൽ എന്ന വ്യക്തിയിൽ നിന്നും 21240/-രൂപ വാടക കുടിശ്ശിക ലഭിക്കാനുണ്ട്. മേൽ വ്യക്തിയിൽ നിന്നും വാടകകുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/17-10-23 ന് നൽകിയ മറുപടിയിൽ ടി യാൾക്ക് 2023 ൽ റവന്യൂ റിക്കവറിയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ഓൺലൈൻ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതാണെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-26 ജി.എസ്.റ്റി തനത് ഫണ്ടിൽ തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ടെലികമ്മ്യൂണിക്കേഷൻ കേബിളുകൾ സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 155390 രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ വാല്യൂവേഷൻ പ്രകാരമാണ് തുക ഒടുക്കിയത്. ജി.എസ്സ്.റ്റി ഉൾപ്പെടുത്തിയ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ടി തുകയിൽ നിന്നും ജി.എസ്.റ്റി തുക കണക്കാക്കി അതാത് ഹെഡ്ഡിൽ ഒടുക്കേണ്ടതാണ്.

### 1-27 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകകളിൽ, വിനിയോഗശേഷം തിരികെ ലഭിച്ച തുകകൾ തനത് ഫണ്ടിൽ തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടുണ്ട്. മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളിൽ, വിനിയോഗശേഷം തിരികെ ലഭിച്ച തുകകൾ നിലവിലും തനത് ഫണ്ടിൽ തുടരുകയാണ്.

| ക്രമ നം | ഹെഡ് കോഡ് | തീയതി | തുക | ലഭ്യമായ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 35040099 | 31-03-23 | 682807 | KWA തിരികെ നൽകിയ തുക, |

| | | | | |
|---|---|---|---|---|
| | | | | ബാധ്യതയായി കണക്കിൽ ഉൾപ്പെടുത്തി. |
| 2 | 450210102 | 31-03-23 | 291640 | KWA തിരികെ നൽകിയ തുക, ബാധ്യതയായി കണക്കിൽ ഉൾപ്പെടുത്തിയില്ല. |
| 3 | 190300404 | 21-05-22 | 129091 | KWA തിരികെ നൽകിയ തുക, ചെക്ക് നം-271874/25-04-22 |
| 4 | 190300404 | 12-08-22 | 6123 | KWA തിരികെ നൽകിയ തുക, ചെക്ക് നം-271952/20-07-22 |

പ്രോജക്ടുകളുടെയും ഫണ്ടിനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമായില്ല. ക്രമ നം 2,3,4 തുകകൾ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റിനങ്ങളിലെ ബാധ്യത എന്ന ഇനമായല്ല വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തുകകൾ കുടിവെള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്താനാകാത്ത പക്ഷം സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-28 സോളാർ പ്ലാന്റ് സ്ഥാപിക്കൽ- പദ്ധതി പൂർത്തിയായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം-S0191/23

പ്രോജക്ടിന്റെ പേര്- ഗ്രാമപഞ്ചായത്ത് ഓഫീസിന് സോളാർ പാനൽ സ്ഥാപിക്കൽ

നിർവ്വഹണം- സെക്രട്ടറി , ഗ്രാമപഞ്ചായത്ത്

അടങ്കൽ- 1038831(ധനകാര്യകമ്മീഷൻ അവാർഡ് തുക)+700000(തനത് ഫണ്ട്)= 1738831

ചെലവ് 1038831 (ധനകാര്യകമ്മീഷൻ അവാർഡ് തുക, ബിൽ നം- 308/06-03-23 )

തനത് ഫണ്ട്-311169 ( ചെക്ക് നം- 40915/08-03-23)

ANERT മുഖാന്തിരം സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള 10KWP ഹൈബ്രിഡ് സൌരോർജ്ജ പ്ലാന്റിനായി 29-03-23 ലെ കരാർ പ്രകാരം ANERTന് തുക കൈമാറി. കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. ഹൈബ്രിഡ് സൌരോർജ്ജ പ്ലാന്റിന്റെ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ അനുബന്ധപ്രവർത്തികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച് ANERT വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 1350000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
കൂടാതെ പ്രോജക്റ്റ് നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കൂടി പരിഹരിക്കേണ്ടതാണ്.

1.സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.
2.പാനലുകളുടെ എണ്ണം ഉപയോഗിക്കപ്പെട്ട മറ്റ് സാങ്കേതിക ഘടകങ്ങൾ എന്നിവ സ്റ്റോക്ക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണം

3. അനർട്ടിന്റെ പ്രാരംഭ പഠന റിപ്പോർട്ടിൽ സൗരോർജ്ജ പ്ലാന്റിൽ ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങൾക്കും 5 വർഷത്തെ വാറന്റി, പാനലുകളുടെ ഔട്ട് പുട്ട് പീക്ക് വാട്ട് കപ്പാസിറ്റി സംബന്ധിക്കുന്ന വിവരങ്ങൾ, സർവ്വീസ് മെയിന്റനൻസ് എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. സോളാർ പ്ലാന്റിന്റെ സ്ഥാപനത്തിന് സെൻട്രൽ ഫിനാൻഷ്യൽ അസിസ്റ്റൻസ് (CFA) ലഭ്യമാണോയെന്ന് പരിശോധിച്ചുറപ്പാക്കേണ്ടതാണ്.

5. എക്സ്പോർട്ട്-ഇംപോർട്ട് വൈദ്യുതി യൂണിറ്റുകളുടെ അറ്റ തുകയാണ് KSEB ബില്ലിൽ ഉൾപ്പെട്ട് വരുന്നത്. കൂടുതൽ ഉൽപാദനം നടക്കുന്നതിന്റെ ഭാഗമായി കൂടുതൽ സോളാർ വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ ബില്ലിലുണ്ടാകേണ്ട വ്യത്യാസം KSEB അധികൃതരോട് രേഖാമൂലം ആരായേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 31/21.10.23)

അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-29 മെൻസ്ട്ടവൽ കപ്പ് -വിതരണം നടത്തിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പാക്കിയ വനിതകൾക്ക് മെൻസ്ട്ടവൽ കപ്പ് വിതരണവും ബോധവൽക്കരണവും എന്ന പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.102/23 |
| പ്രോജക്ട് | വനിതകൾക്ക് മെൻസ്ട്ടവൽ കപ്പ് വിതരണവും ബോധവൽക്കരണവും |
| അടങ്കൽ | 991000(വികസന ഫണ്ട്) |
| ചെലവ് | 225000/ട്രഷറി ബിൽ നം. 13/24-02-23 |
| സ്ഥാപനത്തിന്റെ പേര്/ ഇൻവോയിസ് നം | എച്ച്.എൽ.എൽ മാനേജ്മെന്റ് അക്കാഡമി ഇൻവോയിസ് നം.46/22-23/29-12-22 |

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കീഴിലുള്ള എച്ച്.എൽ.എൽ. മാനേജ്മെന്റ് അക്കാഡമി, കവടിയാർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് മെൻസ്ട്ടവൽ കപ്പ് വാങ്ങിയിരിക്കുന്നത്. ഇപ്രകാരം 750 മെൻസ്ട്ടവൽ കപ്പിനും ബോധവൽക്കരണത്തിനുമായി 225000/- രൂപ എച്ച്.എൽ.എൽ മാനേജ്മെന്റ് അക്കാഡമിയ്ക്ക് നൽകുകയുമുണ്ടായി. എന്നാൽ മെൻസ്ട്ടവൽ കപ്പിന്റെ വിതരണ രേഖകളും, ബോധവൽക്കരണം നടത്തിയത് സംബന്ധിച്ച വിവരങ്ങളോ, ഇവരുമായി ഏർപ്പെട്ട കരാറോ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/19-10-23ന് നൽകിയ മറുപടിയിൽ 2023 സെപ്റ്റംബർ മാസം അവസാനത്തോട് കൂടിയാണ് മെൻസ്ട്ടവൽ കപ്പ് ലഭ്യമാക്കിയതെന്നും നവംബർ മാസം അവസാനത്തോട് കൂടി വിതരണം പൂർത്തിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്. വിതരണം നടത്തുന്നതിനോടൊപ്പം ഗുണഭോക്താക്കൾക്ക് ബോധവൽക്കരണം കൂടി നടപ്പാക്കി പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30 പൊതു ടാപ്പുകളുടെ വെള്ളക്കരം-ഉപയോഗമില്ലാത്ത ടാപ്പുകൾക്ക് കരം ഈടാക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം(Ref No.70978/04-02-23) ചുനക്കര ഗ്രാമപഞ്ചായത്തിൽ ആകെ 167 പൊതുടാപ്പുകൾ നിലവിലുണ്ട്. പ്രതിവർഷം ഒരു ടാപ്പിന് 5788.13 രൂപ നിരക്കിലായിരുന്നു പഞ്ചായത്ത് വെള്ളക്കരം അടച്ച് വന്നിരുന്നത്. 2023 മാർച്ച് മുതൽ വെള്ളക്കര വർദ്ധനവിനെ തുടർന്ന് പ്രതിവർഷം ഒരു ടാപ്പിന് 14559.12 രൂപ എന്ന നിരക്കിൽ വർദ്ധനവുണ്ടാവുകയും പ്രതിമാസ ഡിമാന്റ് 2,02,613 രൂപയാവുകയും ചെയ്തിട്ടുണ്ട്, ഇത്തരത്തിൽ പ്രതിവർഷം പഞ്ചായത്തിന് 24,31,356 രൂപ അടയ്ക്കേണ്ടി വരികയും ചെയ്യും. വെള്ളക്കര കുടിശ്ശിക ഇനത്തിൽ മാത്രം 2022-23 സാമ്പത്തിക വർഷം 140754/-രൂപ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ 65 സ്ട്രീറ്റ് ടാപ്പുകൾ ഉപയോഗശൂന്യമാണെന്ന് കണ്ടെത്തുകയും ടാപ്പുകൾ വിച്ഛേദിയ്ക്കാനായി 110000-രൂപ വാട്ടർ അതോറിറ്റിയിൽ (SBI 10449288175/29 /03/23) അടയ്ക്കുകയുമുണ്ടായി. വാട്ടർ അതോറിറ്റിയുമായി 08/06/23 ൽ കരാറിലേർപ്പെട്ടിട്ടുമുണ്ട്. ഇതിന് ശേഷം പഞ്ചായത്ത് കമ്മിറ്റിയുടെ 27/06/23 ലെ 1/6 നം തീരുമാന പ്രകാരം 12 ടാപ്പുകൾ മാത്രം നിലനിർത്തി പഞ്ചായത്തിലെ മുഴുവൻ ടാപ്പുകളും വിച്ഛേദിയ്ക്കാൻ തീരുമാനമെടുക്കുകയും 20/07/23 ലെ സി1/4009/23 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ വാട്ടർ അതോറിറ്റിയെ വിവരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും വാട്ടർ അതോറിറ്റിയിൽ നിന്നും വരുന്ന ബില്ലുകൾ 102 ടാപ്പുകളുടേതാണ്. ഉപയോഗിയ്ക്കാത്ത ടാപ്പുകളുടെ ബിൽ തുക അഡ്ജസ്റ്റ് ചെയ്യുന്നതിനോടൊപ്പം പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമുള്ള അനാവശ്യമായ പൊതുടാപ്പുകൾ വിച്ഛേദിയ്ക്കാനുള്ള

നടപടികൾ സ്വീകരിയ്ക്കാൻ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം- 14/19-10-23)

### 1-31 അങ്കണവാടി കെട്ടിട നിർമ്മാണം - സി.എഫ്.സി ഫണ്ട് നിക്ഷേപമായി നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിലെ 33-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 27.11.18, 18.01.19 തീയതികളിലായി യഥാക്രമം 578000(സി.എഫ്.സി), 2000 രൂപ(തനത് ഫണ്ട്) പൊതുമരാമത്ത് വകുപ്പിൽ(കെട്ടിട വിഭാഗം) ഒടുക്കിയിരുന്നു. പി.ഡബ്ല്യു.ഡി മുഖാന്തിരമുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതിനാൽ 28.01.20 ൽ നടന്ന കോ-ഓർഡിനേഷൻ കമ്മറ്റിയിൽ വനിതാ ശിശു വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 60:40 അനുപാതത്തിൽ LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന അങ്കണവാടി കെട്ടിടനിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി യിൽ നിന്നും 24.03.22 ൽ തുക തിരികെ വാങ്ങി പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ഇതേ വരെയും കെട്ടിട നിർമ്മാണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല എന്ന് കാണുന്നു. 18-19 ൽ പിൻവലിച്ച സി.എഫ്.സി ഫണ്ട് നിലവിലും നിക്ഷേപമായി അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/19.10.23) മറുപടി ഹാജരാക്കിയില്ല. അങ്കണവാടി കെട്ടിടനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-32 പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗവിവരങ്ങളില്ല

പ്രോജക്റ്റ് നം-S0059/23
നിർവ്വഹണം – സെക്രട്ടറി
അടങ്കൽ തുക- 150000 (തനത് ഫണ്ട്)
ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗിനായി തുക 103236 രൂപ തനത് ഫണ്ടിൽ നിന്നും KSEB ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക | ബിൽ നം./ തീയതി |
|---|---|
| 83305 | 90/17-09-22 |
| 9347 | 245/2-2-23 |
| 10584 | 246/2-2-23 |

എന്നാൽ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ 103236 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-33 വാഹന പരിപാലനം - അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ വാഹനമായ ബൊലേറോ (KL-31-E-9141)യുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1)വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് ജി.ഒ(പി) നം.803/70/ഫിൻ തീയതി.13.11.1970 പ്രകാരം സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങൾ (കെ.എഫ്.സി വാല്യം II ചട്ടം 48 എ) പ്രകാരം എല്ലാ മാസാന്ത്യവും തുടക്കത്തിലെ കിലോമീറ്റർ റീഡിംഗ്, അവസാന റീഡിംഗ്, ആ മാസം ആകെ ഓടിയ ദൂരം, ഇന്ധനം വാങ്ങൽ, ഇന്ധന ഉപഭോഗം, ഇന്ധന ബാലൻസ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്കിൽ ടി വിശദാംശങ്ങളും സംക്ഷിപ്തവും രേഖപ്പെടുത്തുന്നില്ല.

2)വാഹനം ഉപയോഗിക്കുന്ന ആളുകളുടെ ഒപ്പ്, കസ്റ്റോഡിയന്റെ ഒപ്പ് എന്നിവ പല സ്ഥലങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല.
3)കസ്റ്റോഡിയന്റേയോ കസ്റ്റോഡിയൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിധ്യത്തിലായിരിക്കണം ഇന്ധനം നിറക്കേണ്ടത്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചപ്പോൾ ഇപ്രകാരം ഒരു സൂപ്പർവിഷൻ നടക്കുന്നില്ലായെന്ന് കാണുന്നു.

4)ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യമായി നടത്തുന്നില്ല. ജി.ഒ(എം.എസ്)നം.170/07 ത.സ്വ.ഭ.വ/30.06.2009 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലുള്ള ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിയ്ക്കേണ്ടതും ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും നാളിത് വരെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതായി കാണുന്നില്ല.
6)വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു റിപ്പയർ രജിസ്റ്റർ, സ്പെയർ പാർട്സ് സ്റ്റോക്ക് രജിസ്റ്റർ, ഇന്ധന ഓർഡർ ബുക്ക്, ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതായി കാണുന്നില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/19-10-2023) ലഭ്യമാക്കിയ മറുപടിയിൽ പുതിയ വാഹനം വാങ്ങുന്നതിനായി പൊതുമരാമത്ത് വകുപ്പിലേയ്ക്ക് കത്തയച്ചിട്ടുണ്ടെന്നും, ആയതിന്റെ നടപടിക്രമങ്ങൾ നടന്നു കൊണ്ടിരിയ്ക്കുകയാണെന്നും പുതിയ വാഹനം വാങ്ങുമെന്നത് കൊണ്ടാണ് ഇന്ധനക്ഷമതാ ടെസ്റ്റ് നടത്താതെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ടി മറുപടി അംഗീകരിയ്ക്കാവുന്നതല്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ പരാമർശം ഉൾപ്പെടുത്തിയിട്ടും ഇതേ വരെയും അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വാഹന പരിപാലനം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ രേഖകൾ പരിപാലിക്കേണ്ടതും ഇന്ധന ഉപഭോഗ വിവരങ്ങൾ മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 1-34 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് റോഡ് കണക്റ്റിവിറ്റി മാപ്പിംഗിനായി പദ്ധതി (S0051/22-23) തയ്യാറാക്കിയത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ(കെ.എസ്.ആർ.ആർ.ഡി.എ) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന റോഡുകളെ വർഗ്ഗീകരിച്ച് അടയാളപ്പെടുത്തി പഞ്ചായത്ത് മാപ്പ് രൂപപ്പെടുത്തുന്നു. റോഡുകളുടെ വീതി, അവസ്ഥ എന്നിവ ഇതിൽ നിന്നും മനസ്സിലാകുന്നു. 45000 രൂപ(തനത് ഫണ്ട്) അടങ്കലിൽ ഏക വർഷ പ്രോജക്റ്റായാണ് പദ്ധതി ആസൂത്രണം ചെയ്തത്. ഇതിനായി തൻവർഷം അനന്ദു കൃഷ്ണൻ.യു എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് 18000 രൂപ(ചെക്ക് നം. 38761/22.10.22) നൽകിയിട്ടുണ്ട്. കരാർ ചമയ്ക്കാതെയും മസ്റ്റർ റോൾ തയ്യാറാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഏക വർഷ പ്രോജക്റ്റായാണ് പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതിയുടെ പുരോഗതി വ്യക്തമല്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(24/19.10.23), റോഡ് സർവ്വെ പൂർത്തീകരിച്ച് വേരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നാണ് മറുപടി.

ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ

തൻവർഷ ചെലവ് 18000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുക.

1-35 പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0093/22 |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 500000 |
| ചെലവഴിച്ച തുക | 384075(തനത് ഫണ്ട്),<br>ചെക്ക് നം. 38777/24.11.22 |

മെമ്പർമാർക്കായി ലഭിച്ച ഏരിയയിൽ ഓഫീസ് സൗകര്യം ഏർപ്പെടുത്തുക, ഫ്രണ്ട് ഓഫീസ് നവീകരിക്കുക, സീലിംഗ് ചെയ്യുക, എഞ്ചിനീയറിംഗ് ഓഫീസ് സീലിംഗ് ചെയ്യുക എന്നിവയ്ക്കായാണ് പദ്ധതി ആസൂത്രണം ചെയ്തത്. അംഗീകൃത പദ്ധതിയിൽ പദ്ധതി നിർവ്വഹണം ആർട്കോ എന്നാണ് രേഖപ്പെടുത്തിയിരുന്നത്.
പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ് ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും ബിഡ്ഡിംഗ് മുഖേനയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് എന്ന 25.07.2017 ലെ സ.ഉ.(പി) 95/2017/ധന നമ്പർ ഉത്തരവിലെ നിബന്ധന കൃത്യമായും പാലിക്കണമെന്ന നിർദ്ദേശം എല്ലാ പഞ്ചായത്തുകൾക്കും പഞ്ചായത്ത് ഡയറക്ടർ നൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവിലെ(21.10.2020 ലെ സ.ഉ (സാധാ) നം.1978/2020/ത.സ്വ.ഭ.വ) നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. മിതവ്യയത്വം ഉറപ്പാക്കുന്നതിനായി മറ്റ് ഏജൻസികളിൽ നിന്നും ഈ ഉത്തരവ് പ്രകാരം വില താരതമ്യം ചെയ്തിട്ടല്ല വാങ്ങൽ നടത്തിയിട്ടുള്ളത്.

2)ആർട്കോ(ARTCO) എന്ന സ്ഥാപനത്തിന്റെ പ്രോഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 10 ഇനങ്ങളാണ് പ്രൊഫോർമ ഇൻവോയിസിൽ ഉൾപ്പെട്ടിരുന്നത്. അതിൽ ഇനം. 8,10 എന്നിവയിൽ ലമ്പ്സം പ്രൊവിഷനായി തുക ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

ഇനം .8 - Demolition Of The Wall And Window For Fixing Door, And Plastering In Front Office And Standing Committee, 1@LS = 17400

ഇനം . 10 - Painting The Inner Wall Of Front Office And Janasevakendra, 1@LS = 20000

ബാക്കിയുള്ള ഇനങ്ങളെല്ലാം Sq.m, Numbers എന്ന രീതിയിലാണ് പ്രൊഫോർമ ഇൻവോയിസിലുള്ളത്.

ബില്ലിൽ (ALP 794/27.05.22) പ്രൊഫോർമ ഇൻവോയിസിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് ഇനങ്ങൾ ലിസ്റ്റ് ചെയ്തിട്ടുള്ളത്.

ഇനം .3 - Demolition Of The Wall And Window For Fixing Door, And Plastering In Front Office And Standing Committee, 1@LS = 17400+tax = 20532

എന്നാൽ ഇനം.10 - പെയിന്റിംഗിന്റെ നിരക്ക്, 42.017m2@476 =20000+tax = 23600 എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്. പ്രൊഫോർമ ഇൻവോയിസിൽ 1@LS = 20000 എന്ന് രേഖപ്പെടുത്തുകയും ബില്ലിൽ റേറ്റടിസ്ഥാനത്തിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിരക്ക് എപ്രകാരമാണ് അംഗീകരിച്ചതെന്ന് വ്യക്തമല്ല.

3)ഡിമോളിഷൻ, പ്ലാസ്റ്ററിംഗ് എന്നിവയ്ക്ക് ഏരിയ കണക്കാക്കാതെയാണ് തുക നിശ്ചയിച്ചത്.

4)ബില്ലിലെ ക്രമ നം 3, 9, 11 ഒഴികെയുള്ള എല്ലാ ഇനങ്ങളും ഏരിയയെ അടിസ്ഥാനമാക്കിയാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. ഈ ഇനങ്ങളുടെ മൂല്യനിർണ്ണയം നടത്തിയതായി കാണുന്നില്ല.

5)നിലവിൽ പഞ്ചായത്തിൽ ഒര് എഞ്ചിനീയറിംഗ് വിഭാഗമുള്ള സാഹചര്യത്തിൽ ഡിമോളിഷൻ, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവർത്തികൾ കാഡ്കോ നടപ്പിലാക്കി.

മേൽ പറഞ്ഞ അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/19.10.23), ഡിമോളിഷൻ, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവർത്തികൾ മറ്റ് പ്രവൃത്തികൾക്കൊപ്പം ചെയ്യേണ്ടതിനാലാണ് കാഡ്കോയെ ഏൽപിച്ചതെന്നും ആർട്കോ ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിച്ചതിന് ശേഷമാണ് ബിൽ തുക ചെയ്തതെന്നുമാണ് മറുപടി നൽകിയത്. അളവുകൾ പരിശോധിച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിൽ ബോധ്യപ്പെടുത്തിയിട്ടില്ല. മിതവ്യയത്വം ഉറപ്പാക്കുന്നതിനായി സർക്കാർ ഉത്തരവുകൾക്കനുസൃതമായി വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-36 ടേക്ക് എ ബ്രേക്ക് ടോയിലറ്റ് നിഷ്ക്രീയാസ്തിയായി

സംസ്ഥാന സർക്കാരിന്റെ 12 ഇന പരിപാടിയുടെ ഭാഗമായി നിർമ്മിച്ച ടേക്ക് എ ബ്രേക്ക് ന്റെ നിർമ്മാണത്തിനായി തൻവർഷം 6.63 ലക്ഷം ചെലവഴിച്ചെങ്കിലും ഇതെ വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | S0055/23 |
| അടങ്കൽ | 800000 |
| കരാർ നം. | 22/AE/CSGD/21-22/16.03.22 |
| പി.എ.സി, കരാറുകാരൻ | 595861.72, ശശിധരകുറുപ്പ് |
| ആകെ മൂല്യം | 635009 |
| ചെലവഴിച്ച തുക | ആകെ ചെലവ് – 663109<br>സംസ്ഥാനാവിഷ്കൃതം -413009,<br>ചെക്ക് നം. 796031/13.03.23<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 250100/-,<br>ബിൽ നം.278/23.02.23 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1)കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല.

കരാർ പ്രകാരം 120 ദിവസമായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. എന്നാൽ എം ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയത് 27/01/23 ൽ മാത്രമാണ്. 15.07.22 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചത് 27/01/23 ലാണ്. കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ യാതൊരു കത്തിടപാടുകളും നടത്തിയിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല.

2)കെട്ടിടം പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കിയിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഇലക്ട്രിഫിക്കേഷൻ ചെയ്തതായി മറുപടി നൽകിയെങ്കിലും നിലവിലും കണക്ഷനെടുത്തിട്ടില്ല.

3)06.01.23 ലെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് എ.എക്സ്.ഇ യുടെ അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

4)റിഫ്രഷ്മെന്റിന് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉൾപ്പെടെയാണ് ടേക്ക് എ ബ്രേക്ക് സ്ഥാപിക്കേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. തന്നെയുമല്ല പഞ്ചായത്ത് കടമുറികൾക്ക് പിറകിലായാണ് ടി കെട്ടിടം പണിതിട്ടുള്ളത്. യാത്രക്കാരുടെ ശ്രദ്ധ കിട്ടാത്ത സ്ഥലത്താണ് ഈ കെട്ടിടം സ്ഥാപിച്ചിട്ടുള്ളത് എന്നതും ഒര് വെല്ലുവിളിയാണ്. ആയതിനാൽ ടി കെട്ടിടം നിലവിൽ നിഷ്ക്രീയാസ്തിയായി നിലനിൽക്കുന്നു.



മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/19.10.23), പഞ്ചായത്ത് ഓഫീസിനു മുന്നിലാണ് കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതെന്നും പിന്നീട് ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ എതിർപ്പിനെ തുടർന്ന് സ്ഥലം കണ്ടെത്താൻ കാലതാമസം ഉണ്ടായെന്നും നിലവിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചെന്നും എ.എക്സ്.ഇ യുടെ അംഗീകാരത്തോട് കൂടിയാണ് പ്രവൃത്തി നടപ്പിലാക്കിയതെന്നും എ.എക്സ്.ഇ, എം ബുക്കിൽ ചെക്ക് മെഷർ ചെയ്തിട്ടുണ്ടെന്നുമാണ് മറുപടി. മറുപടി അംഗീകരിക്കുന്നു. ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചെങ്കിലും കറന്റ് കണക്ഷൻ ഇതേ വരെ കിട്ടിയിട്ടില്ല. ടി കെട്ടിടം പൊതുജനങ്ങൾക്ക് ഇതേ വരെയും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നിലവിൽ ഉദ്ദേശ ലക്ഷ്യം പൂർത്തീകരിക്കാതെ കാട് പിടിച്ച് തികച്ചും നിഷ്ക്രീയാവസ്ഥയിലാണ് ടി കെട്ടിടമുള്ളത്. പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 663109 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്റ്റ് നം-S0013/23

പ്രോജക്റ്റിന്റെ പേര്- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ-350000

ചെലവ്-350000

ഫണ്ട്-സംരക്ഷണഗ്രാന്റ് (റോഡിതരം)

ബിൽ നം- 139/തീയതി- 22-11-2022

നിർവ്വഹണം- മെഡിക്കൽ ഓഫീസർ, ആയുർവേദം

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ 350000 രൂപക്കുള്ള മരുന്നുകൾ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ (ഹോംകോ) നിന്നും വാങ്ങുന്നതിനാണ് പ്രോജക്റ്റ് നടപ്പിലാക്കിയത്. പ്രോജക്റ്റ് പ്രകാരം ഹോംകോയ്ക്ക് 350000 രൂപ 25-11-22 ൽ NEFT ചെയ്തിട്ടുണ്ട്(രസീത് നം-6964/11-01-23). ഗ്രാമപഞ്ചായത്തിലെ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിഭാവനം ചെയ്ത ഈ പ്രോജക്റ്റിൽ 23-06-23 ലെ LF-365 ഇൻവോയിസ് പ്രകാരം 176131 രൂപക്കുള്ള മരുന്നാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 173869 രൂപക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-38 ലൈഫ് പദ്ധതിയുടെ നീക്കിയിരിപ്പ് തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടച്ചില്ല

ചുനക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 06.01.2023 ലെ അജണ്ട 18, 19, 20 എന്നിവയുടെ തീരുമാനം-1 പ്രകാരം 2018-19 ലൈഫ് ഭവന പദ്ധതിയുടെ ടി.എസ്.ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും, ഗുണഭോക്താവ് തിരികെ പഞ്ചായത്ത് ഫണ്ടിൽ അടച്ച തുകയും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കുവാൻ അനുമതി നല്കിയിരുന്നു. വിശദാംശം ചുവടെ .

| | |
|---|---|
| അജണ്ട 18 തീരുമാനം-1 | 2018-19 ലൈഫ് ഭവന പദ്ധതി (ജനറൽ വിഭാഗം) പ്രോജക്ടിന് ടി.എസ്.ബി അക്കൗണ്ടിലേക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 312182/- രൂപയിൽ വിനിയോഗിച്ച 229761/-രൂപയുടെ ബാക്കി 82421/- രൂപ. |
| അജണ്ട 19 തീരുമാനം-1 | 2018-19 ലൈഫ് ഭവന പദ്ധതി (എസ് സി വിഭാഗം) പ്രോജക്ടിന് ടി.എസ്.ബി അക്കൗണ്ടിലേക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 273278/- രൂപയിൽ വിനിയോഗിച്ച 90744/-രൂപയുടെ ബാക്കി 182534/- രൂപ. |
| അജണ്ട 20 തീരുമാനം-1 | 2018-19 ലൈഫ് ഭവന പദ്ധതി (എസ് സി വിഭാഗം) ഗുണഭോക്താവായ ശ്രീധരൻ കടക്കത്തറയിൽ (വാർഡ് - 15) ന് അധികമായി അനുവദിച്ച 60000/- രൂപ 23-03-2020 ലെ 119090105127 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടച്ചത്. |

മേൽ തീരുമാന പ്രകാരം തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 15/22-23/17.10.23 ന് 2023-24 വർഷത്തിൽ പ്രോജക്ടിൽ ഉൾപ്പെടുത്താം എന്ന നിലയിലാണ് തുക അടയ്ക്കാതിരുന്നതെന്നും ഈ വർഷം പ്രോജക്ടിൽ ഉൾപ്പെടുത്താതിരുന്നതിനാൽ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടയ്ക്കുന്നതാണെന്നും മറുപടി നല്കി.

അർഹരായ ഗുണഭോക്താക്കളില്ലായെങ്കിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-39 വയോജന വാടി -അനുകരണീയ മാതൃക - അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

| | |
|---|---|
| പ്രോജക്ട്നം | 11 |

| | |
|---|---|
| പേര് | വയോജന വാടി |
| അടങ്കൽ | 125000+600 |
| ചെലവ് | 74565 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ചുനക്കര ഗ്രാമ പഞ്ചായത്തും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തും സംയുക്ത പദ്ധതിയായി നടപ്പാക്കിയതാണ് ചുനക്കര ഗ്രാമ പഞ്ചായത്തിലെ വയോജന വാടിയുടെ നിർമ്മാണം. ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങൾക്ക് പകൽ സമയത്ത് ഒത്തു കൂടുവാനും വിനോദത്തിനും വിശ്രമത്തിനും ആവിഷ്കരിച്ച വളരെ മാതൃകാപരമായ ഒരു പദ്ധതിയാണിത്. 13.02.2020 ൽ വയോജന വാടി പ്രവർത്തനം ആരംഭിച്ചുവെങ്കിലും കോവിഡിനെത്തുടർന്ന് സ്ഥാപനം അടയ്ക്കുകയും 16.02 .2023ൽ വീണ്ടും തുറന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വയോജന വാടി എന്ന പദ്ധതി പ്രകാരം വയോജനങ്ങൾക്ക് ഭക്ഷണം, വാഹന സൗകര്യം, കെയർടേക്കറുടെ സേവനം എന്നിവ 2022-23 ൽ ലഭ്യമാക്കിയിട്ടുണ്ട് .

19.10.20203 ൽ വയോജന വാടിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വയോജന വാടി പ്രവർത്തിക്കുന്ന കെട്ടിടത്തിന് വൈദ്യുതി, ചുറ്റുമതിൽ, കുടിവെള്ള സൗകര്യം, അടുക്കള, ടോയ് ലെറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്നും കെട്ടിടത്തിന്റെ ഗ്രില്ലുകളിൽ പെയിന്റ് അടിയ്ക്കാത്തതിനാൽ തുരുമ്പെടുത്ത അവസ്ഥയിലാണെന്നും ബോധ്യപ്പെട്ടു. ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം മാതൃകയിൽ നിർമ്മിച്ച കെട്ടിടം വയോജനങ്ങൾക്ക് വിനോദങ്ങൾക്ക് ഉപകാരപ്പെടുമെങ്കിലും വിശ്രമത്തിന് പര്യാപ്തമല്ല. ഗ്രില്ലുകൾക്ക് ഗ്ലാസ്സ് ഇട്ടിട്ടില്ലാത്തതിനാൽ വശങ്ങളിലൂടെയും മഴവെള്ളം അകത്ത് കയറുകയും മേൽക്കൂരയിൽ പാകിയിരിക്കുന്ന ഓടുകൾ അകന്നു പോയിട്ടുള്ളതിനാൽ കെട്ടിടം ചോരുന്നുമുണ്ട് .

ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങൾക്ക് വളരെ അധികം പ്രയോജന പ്രദമായ വയോജന വാടിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം .27/22-23 /19.10.23 ന് വയോജന വാടിയുടെ അപര്യാപ്തതകൾ വ്യക്തമാക്കിക്കൊണ്ട് പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നല്കിയിരുന്നുവെന്നും, കമ്മിറ്റിയുടെ 5/1/20.04.2023 നമ്പർ തീരുമാന പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിയിൽ തുക വകകൊള്ളിക്കാമെന്ന് അറിയിച്ചിട്ടുള്ളതായി മറുപടി നല്കി .

വയോജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ പദ്ധതി തുടർന്നു കൊണ്ടു പോകുന്നതിനും വയോജനവാടിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-40 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും

കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%=281 രൂപ ഈടാക്കിയിരുന്നെങ്കിലും ജി.എസ്.ടി തുക ഉൾപ്പെടെയുള്ള തുക Sale Of Empties And Waste Materials എന്ന ഹെഡിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽ വകയിരുത്തുന്നു. ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരൽ വില ഇനത്തിൽ കുറവ് ചെയ്ത തുക | ജി.എസ്.റ്റി ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന തുക@43 |
|---|---|---|---|
| 1 | ലൈബ്രറി ജം. അരീക്കടത്ത് ജം. റോഡ് പുനരുദ്ധാരണം, 92/23 | 38ബാരൽ @281=10678 | 1634 |
| 2 | തെക്കടത്ത് അമ്പലം ചോണേത്ത് മുക്ക് റോഡ് പുനരുദ്ധാരണം,97/23 | 20ബാരൽ @281=5620 | 860 |
| 3 | തുരുത്തിയിൽ മുക്ക് പുത്തൻ വീട് റോഡ് പുനരുദ്ധാരണം, 98/23 | 10ബാരൽ @281=2810 | 430 |
| 4 | കരിമുളയ്ക്കൽ ജം.കളീക്കലയ്യത്ത് റോഡ് പുനരുദ്ധാരണം, 89/23 | 37ബാരൽ @281=10397 | 1591 |
| 5 | നെടിയത്ത് തണ്ടത്ത് പടിപ്പുരയ്ക്കൽ റോഡ് പുനരുദ്ധാരണം, 93/23 | 36ബാരൽ @281=10116 | 1548 |
| 6 | വാര്യത്ത് ജം-ഉണ്ടത്തിൽ കടവ് റോഡ് പുനരുദ്ധാരണം, 94/23 | 21ബാരൽ @281=5901 | 903 |
| 7 | വല്ലാറ്റിൻ ജം. ചെറുകുടൽ മഠം റോഡ് പുനരുദ്ധാരണം, So50/23 , So | 17ബാരൽ @281=4777 | 731 |
| 8 | എച്ച്.എസ്.എസ് ജം. ലക്ഷം വീട് ലിങ്ക് റോഡ് റീടാറിംഗ്, 45/23,so | 21ബാരൽ @281=5900 | 903 |
| | | | 8600 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(22/19.10.23), പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ച തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-41 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി ഈടാക്കിയിട്ടില്ല

തൊഴിലുറപ്പ പദ്ധതി മുഖേന നടപ്പാക്കുന്ന പ്രവർത്തികൾക്ക് ബോർഡ് സ്ഥാപിക്കുവാൻ കരാർ ഏറ്റെടുത്തിട്ടുള്ളത് പി.മധു, മറ്റത്ത് വടക്കതിൽ, ചുനക്കര എന്ന വ്യക്തിയാണ്. ഒരു പ്രവൃത്തിക്ക് 2895/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് പ്രവൃത്തി സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കുക എന്നതാണ് കരാർ വ്യസ്ഥ .

2022-23 വർഷം 65 പ്രവൃത്തികളിലായി ബോർഡ് സ്ഥാപിച്ച ഇനത്തിൽ കരാറുകാരന് 187975 /- രൂപ അനുവദിച്ചിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.

നിയമം അനുശാസിക്കും പ്രകാരമുള്ള നികുതി ഈടാക്കിയാണോ കരാർ തുക അനുവദിച്ചതെന്നും ഇല്ലായെങ്കിൽ അതിനുള്ള കാരണവും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 26/22-23 /19.10.23 ന് ചെയ്ത പ്രവൃത്തികളുടെ ലിസ്റ്റ് മാത്രമാണ് ലഭ്യമാക്കിയത്. ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആദായ നികുതി 1880 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുക.

നിയമാനുസൃത നികുതികൾ ഈടാക്കി മാത്രം കരാർ തുക അനുവദിക്കേണ്ടതാണ്.

## 1-42 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അടച്ച നികുതിയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

ചുനക്കര ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം തൊഴിലുറപ്പ പദ്ധതി മുഖേന നടപ്പാക്കിയ മെറ്റീരിയൽ വർക്കുകളിൽ നിയമാനുസൃതമായ 2% ജി.എസ്.ടി-ടി.ഡി.എസ്, 1 % ആദായ നികുതി എന്നിവ ഈടാക്കേണ്ടിയിരുന്ന പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | കരാറുകാരനു ലഭിച്ച തുക | 2% ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ട തുക | 1 % ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ഇല്ലിക്കുളം തോണ്ടൻ ഭാഗം വരെ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -11 | ടി ബാബു | 373648 | 7472.96 | 3740 |
| 2 | സി എസ് ഐ തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ്, വാർഡ് -11 | ടി ബാബു | 257029 | 5140.58 | 2570 |
| 3 | പാലവിള റോഡ് കോൺക്രീറ്റിംഗ്, വാർഡ് -12 | സുരേഷ് കുമാർ | 381110 | 7622.2 | 3810 |
| 4 | പുളിവേലിൽ മീനത്തേതിൽ റോഡ് | സുരേഷ് കുമാർ | 283431 | 5668.62 | 2840 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്, വാർഡ് -12 | | | | |
| 5 | മലയിൽ ജം. കിഴക്ക് റോഡ് കോൺക്രീറ്റിംഗ്, വാർഡ് -13 | സുരേഷ് കുമാർ | 345423 | 6908.46 | 3460 |
| 6 | കൊട്ടാരത്തിമല ശ്രീവിലാസത്ത് മുക്ക് റോഡ് കോൺക്രീറ്റിംഗ്, വാർഡ് -13 | സുരേഷ് കുമാർ | 269776 | 5395.52 | 2700 |
| 7 | കരുർ മുക്ക് മുതൽ കരുർ വടക്ക് വയൽ വരെ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -9 | സുരേഷ് കുമാർ | 383910 | 7678.2 | 3840 |
| 8 | കരുർ മുക്ക് മുതൽ ഏലാ മുഖ വരെ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -9 | സുരേഷ് കുമാർ | 381310 | 7626.2 | 3820 |
| 9 | കണ്ണമ്പള്ളി മുതൽ ലക്ഷം വീട് വരെ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -9 | സുരേഷ് കുമാർ | 340049 | 6800.98 | 3400 |
| 10 | വല്യത്ത് മുക്ക് വടക്കോട്ട് റോഡ് കോൺക്രീറ്റിംഗ്, വാർഡ് -5 | ഷിബു.എൻ | 325159 | 6503.18 | 3260 |
| 11 | അരയാട്ടുതറ കനാൽ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -7 | ശ്രീകുമാർ | 384092 | 7681.84 | 3840 |

| | | | | | |
|---|---|---|---|---|---|
| 12 | ഓണം പള്ളി മുക്ക് കുഭപുഴ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -13 | സുരേഷ് കുമാർ | 389580 | 7791.6 | 3900 |
| 13 | വടക്കടത്ത് റോഡ് കോൺക്രീറ്റിംഗ്, വാർഡ് -4 | ഷിബു.എൻ | 278766 | 5575.32 | 2790 |
| 14 | പുത്തുരേത്ത് മുക്ക് മുതൽ പടിഞ്ഞാറ് റോഡ് കോൺക്രീറ്റിംഗ്, വാർഡ് -14 | അബ്ദുൾ ജബ്ബാർ | 389950 | 7799 | 3900 |
| 15 | നിമ്പടക്കാവ് ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്, വാർഡ് -15 | അബ്ദുൾ ജബ്ബാർ | 153843 | - | 1540 |
| 16 | കല്ലിപുന്തലിൽ കുരിശടി മുതൽ കിഴക്ക് റോഡ് കോൺക്രീറ്റിംഗ്, വാർഡ് -1 | അബ്ദുൾ ജബ്ബാർ | 378881 | 7577.62 | 3790 |
| 17 | പഞ്ചായത്തിന് കിഴക്ക് ഭാഗത്തുള്ള റോഡ് കോൺക്രീറ്റിംഗ്, വാർഡ് -4 | ഷിബു.എൻ | 272886 | 5457.72 | 2730 |
| 18 | പനച്ചൂരയ്യത്ത് ഭാഗം മുതൽ കുമ്പം കുളം വരെ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -4 | ഷിബു.എൻ | 389950 | 7799 | 3900 |
| 19 | അരീക്കടത്ത് മുക്ക് മുതൽ മൂത്താശ്ശേരിൽ വരെ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -5 | ഷിബു.എൻ | 386212 | 7724.24 | 3870 |

| | | | | | |
|---|---|---|---|---|---|
| 20 | തോട്ടത്തിൽ കിഴക്ക് വൃന്ദാവൻ പാടശേഖരം വരെ റോഡ് കോൺക്രീറ്റിംഗ്, വാർഡ് -5 | ഷിബു.എൻ | 384192 | 7683.84 | 3850 |
| 21 | മുകളം പുറത്ത് മുക്ക് മുതൽ പടിഞ്ഞാറോട്ട് റോഡ് കോൺക്രീറ്റിംഗ്, ഘട്ടം 2, വാർഡ് -14 | അബ്ദുൾ ജബ്ബാർ | 331933 | 6638.66 | 3320 |

കരാറുകാർ ജി.എസ്.ടി-ടി.ഡി.എസ്, ആദായ നികുതി എന്നിവ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(നം.28/22-23/20.10.23) ത്തിന് എല്ലാ കരാറുകാരും തൻ വർഷം ഒടുക്കിയ ജി.എസ്.റ്റി, ആദായ നികുതി എന്നിവയുടെ രേഖകൾ ഹാജരാക്കി.

മേൽ കരാറുകാർ ചുനക്കര പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലേയും എഞ്ചിനീയറിംഗ് വിഭാഗവും, തൊഴിലുറപ്പ് വിഭാഗവും മറ്റ് വിഭാഗങ്ങളും മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർ ആയതിനാൽ ഹാജരാക്കിയ രേഖകളിൽ ചുനക്കര ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പ്രവർത്തികൾക്ക് അനുസൃതമായ നികുതിയും ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. മേൽ പറഞ്ഞ പ്രവൃത്തികളുടെ നികുതികൾ ഒടുക്കിയിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-43 ലൈഫ് ഭവന പദ്ധതി -അവലോകനം

1 ) 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2022-23 | 23 | 22 | 21 | 15 | 4 | 8 |

2) 2022-23 ൽ ആകെ ചെലവഴിച്ച തുകയുടെ വിവരം

| പ്രോജക്റ്റ് നം | പേര് | | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|---|---|
| 116 | ലൈഫ് ഭവന നിർമ്മാണവും | അടങ്കൽ | 2597994 | 8500000 | 10000000 | 30000000 | 14000000 | 65097994 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഭൂമി വാങ്ങലും (എസ്.സി.പി) | ചെലവ് | 2249756 | 903800 | 0 | 0 | 0 | 3153556 |
| 35 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | അടങ്കൽ | 122000 | 1360000 | 0 | 5458000 | 1560000 | 8500000 |
| | | ചെലവ് | 122000 | 150000 | 0 | 338000 | 150000 | 760000 |
| 36 | ലൈഫ് ഭവന നിർമ്മാണം (എസ് സി) | അടങ്കൽ | 184 | 470000 | 0 | 10469816 | 1510000 | 12450000 |
| | | ചെലവ് | 0 | 390000 | 0 | 640000 | 0 | 1030000 |
| 117 | ലൈഫ് ഭവന നിർമ്മാണവും ഭൂമി വാങ്ങലും (ജനറൽ) | അടങ്കൽ | 2242693 | 10000000 | 9800000 | 49500000 | 22500000 | 94042693 |
| | | ചെലവ് | 1785245 | 1226000 | 1710000 | 0 | 0 | 4721245 |

3) കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ എസ്.സി, ജനറൽ ഗുണഭോക്താക്കളുടെ വിവരം.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | പൂർത്തീകരിച്ച ഘട്ടം |
|---|---|---|---|
| 1 | സുധ, വെട്ടുത്തുതറയിൽ, കോമല്ലൂർ | 200000 | ഫൗണ്ടേഷൻ |
| 2 | ശരത്ത് കുമാർ, ശരത്ത് ഭവൻ | 200000 | ലിന്റൽ |
| 3 | ചെല്ലമ്മ, കുളവരമ്പിൽ വീട്, ചുനക്കര | 300000 | ലിന്റൽ |
| 4 | സജികുമാർ, കാഞ്ഞിരവിളയിൽ, കരിമുളയ്ക്കൽ | 301668 | മേൽക്കൂര |
| 5 | ഉമയ്ബാൻ | 200000 | ഫൗണ്ടേഷൻ |
| 6 | രാജമ്മ,പുത്രശ്ശേരിൽ,കരിമുളയ്ക്കൽ | 360000 | മേൽക്കൂര |
| 7 | ലത കെ,പ്രണവം നിവാസ്, വെള്ളക്കാലിൽ | 40000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 8 | ശംഭു മോൻ, കണ്ണൻ ഭവനം, കരിമുളയ്ക്കൽ | 40000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 9 | ധർമ്മദ, വെട്ടുത്തു തറയിൽ, കോമല്ലൂർ | 200000 | ഫൗണ്ടേഷൻ |

4)ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 37 എസ്.സി ഗുണഭോക്താക്കൾക്കും 136 ജനറൽ ഗുണഭോക്താക്കൾക്കും നാളിതു വരെ ആനുകൂല്യം ലഭിച്ചിട്ടില്ല.

(പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയിൽ തുടരുവാൻ സാധ്യമാകാത്ത പക്ഷം തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്)

5) മുൻ വർഷങ്ങളിൽ ഉൾപ്പടെ ലൈഫ് ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെയും ഈടാക്കിയ

തുകയുടെയും വിവരം.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അധികമായി കൈപ്പറ്റിയ തുക | വർഷം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | ശ്രീധരൻ, കടക്കത്തറയിൽ | 60000 | 2019-20 | പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചു |
| 2 | അമ്മിണി, കൊല്ലശ്ശേത്തറയിൽ | 60000 | 2019-20 | കണ്ടസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടച്ചു |
| 3 | ആനന്ദൻ, ആര്യ നിവാസ് | 60000 | 2019-20 | തുക അടച്ചിട്ടില്ല |

ക്രമ നം.1 പ്രകാരമുള്ള ഗുണഭോക്താവ് തിരികെ അടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കുവാനും ക്രമ നം. 3 പ്രകാരമുള്ള ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 13/22-23/17.10.2023 ന് വി.ഇ.ഒ നല്കിയ മറുപടി പ്രകാരം തയ്യാറാക്കിയത്.)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | അനുപൂരക പോഷകാഹാര പരിപാടി(എസ്സ്.സി) | 200000 | 0 |
| ബ്ലോക്ക് | 2022-23 | 554200 | സാന്ത്വന സ്പർശം- | 554200 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 150000 | ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 390000 | ലൈഫ് ഭവനനിർമ്മാണം (എസ് സി) | 390000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | പാലിന് സബ്സിഡി ജനറൽ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 500000 | സമഗ്ര നെൽകൃഷി വികസനം | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 903800 | ലൈഫ് ഭവന നിർമ്മാണവും ഭൂമിവാങ്ങലും (എസ്.സി.പി) | 903800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1226000 | ലൈഫ് ഭവന നിർമ്മാണവും ഭൂമിവാങ്ങലും (ജനറൽ) | 1226000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 143325 | അനുപൂരക പോഷകാഹാര പരിപാടി | 143325 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 188000 | പാലിന് സബ്സിഡി ജനറൽ | 188000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 500000 | സമഗ്ര നെൽകൃഷി വികസനം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1710000 | ലൈഫ് ഭവന നിർമ്മാണവും ഭൂമിവാങ്ങലും (ജനറൽ) | 1710000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | അഗതി രഹിത കേരളം | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനേർട്ട് | ഗ്രാമപഞ്ചായത്ത് ഓഫീസിന് സോളാർ പാനൽ സ്ഥാപിക്കൽ | 5049007201220093 | 1350000 | 1350000 | 0 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് ഫിറ്റിഗ് | 5049007201220031 | 103236 | 103236 | 0 |
| കേരളാ വാട്ടർ അതോറിറ്റി | പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 5049007201220108 | 110000 | 110000 | 0 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ഓഡിറ്റ് വർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ വായ്പ | സ.ഉ.കൈ(നം. 302/2021)തസ്വഭവ തീയതി 17/12/2021 | 980000 | 4572094 | 2384357 | 0 | 3167737 |

4-5 സ്ഥിരനിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 35359207 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 33846565 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2134345/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 1350000 | ശ്രീമതി ഷിബി എൻ, സെക്രട്ടറി |
| 1-32 | 103236 | ശ്രീമതി ഷിബി എൻ, സെക്രട്ടറി |
| 1-34 | 18000 | ശ്രീമതി നിള ഹിരൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 663109 | ശ്രീമതി നിള ഹിരൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2134345 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-41 | 1880 |
| ആകെ | 1880 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷിബി.എൻ, സെക്രട്ടറി | സെക്രട്ടറി,<br>ചുനക്കര ഗ്രാമ പഞ്ചായത്ത് | ഗ്രേസ്, വെൺപാലക്കര,<br>വാളത്തുംഗൽ പി ഒ, കൊല്ലം |
| ശ്രീമതി നിള ഹിരൺ, | അസിസ്റ്റന്റ് എഞ്ചിനീയർ, | കടവിൽ പടീറ്റതിൽ, |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ചുനക്കര ഗ്രാമ പഞ്ചായത്ത് | അഴീക്കൽ പി ഒ, കരുനാഗപ്പള്ളി, കൊല്ലം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്), 2001-02 | എൽ.എഫ്.ജി.എ5-1832/2011/31.01.2012 |
| 1999-2000, 2000-01, 2004-05, 2006-07, 2007-08, 2008-09, 2009-10, 2010-11& 2011-12, 2013-14, 2014-15, 2015-16, 2016-17, 2017-18, 2018-19 | കെ.എസ്.എ-എ.എൽ.പി/പി12-1593 /2022/02.05.23 |
| 2012-13 | എൽ.എഫ്.പി.6/141/2010/31.03.2015 |
| 2019-20 | കെ.എസ്.എ/എ.എൽ.പി /പി12-381/2021 തീയതി.12.04.2021 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി12-578/2022 തീയതി.03.07.2022 |
| 2021-22 | കെ.എസ്.എ/എ.എൽ.പി /പി12-215/2023 തീയതി 29.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്

ആലപ്പുഴ

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 21-07-2023 and submitted on 08-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chunakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chunakkara Grama Panchayat for the year 2022-2023

Date: 01/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Chunakkara Grama Panchayat for the Year 2022-2023.

**1.Major Observations**

(i)Annual financial Statement (AFS) do not include all statements under Kerala Panchayat Raj Accounting Rules . The following statements are not included along with the AFS

a)Ratios

b) Secretary's notes on the account

(ii)The total cash flow for the year in the cash flow statement does not match the difference between the current balance and the outstanding balance of previous year.

**2.Other Observations**

(iii)Profession tax income from employees wrongly included in profession tax of professionals head of account

(iv)There was income related to market auctions but this is not included in the I & E statement of the AFS

(v)The amount paid to PWD for construction of Anganwadi building from the plan fund as deposit work has been returned due to non-construction of the same. This figures is not included as a liability in the annual financial statement.

(vi) The auction amount received from the market auction is erroneously included as a liability in AFS

(vii)The the details of the amounts included as prior period income in the annual financial Statement are not explained

(viii)Advances for deposit work by authorised agencies are included as payments in annual accounts with out proper utilization certificate.

(ix)The gap between the loan-liability (B-5)and the amount disbursed as prepaid expenses (B-16) in the balance sheet was not explained.

(x)DCB of profession tax is not correct.

(xi)The exact nature of the liability in the case of beneficiary contribution is not explained.

(xii)Item wise information of amounts given to variouus implementing agencies as per advance register is not made available.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്